www.malankaralibrary.com

# മരിയദൂത്

തുരുത്തി മർത്ത് മറിയം ഫൊറോന പാരീഷ് ബുള്ളറ്റിൻ

ജനുവരി - മാർച്ച് 2024

www.marthmariamthuruthy.org

ദനഹ - നോമ്പ് - ഉയിർപ്പ് കാലങ്ങൾ



**ദൈവത്തിന്റെ സമയത്തിനായി കാത്തിരിക്കാം**

**നവോത്ഥാനത്തിന് തിരിതെളിച്ചത് ചാവറയച്ചൻ**

**സർക്കാർ ജോലിയാണോ നിങ്ങളുടെ സ്വപ്നം?**

**ശുശ്രൂഷകൾ തുടരും: മാർ ആലഞ്ചേരി**

www.malankaralibrary.com



# In Remembrance of his Legacy

## Rev. Dr. Louis Neriamparampil, D.C.L.

*1 June 1928 - 19 February 1999*
*ordained 8 December 1953*

Born second of Aleykutty and Outhachen's nine children, their eldest son, he was named after the family's *Valiya Louisachan*. Educated at the Adoration Convent's primary school, Thuruthy, he completed SSLC at St. Thomas High School, Chingavanam, joined the petit seminary at Parel, and finished at the Mangalapuzha Seminary. He was ordained at St. Mary's Church, Thuruthy (Marth Mariam Forane Church, today).

He first served as Assistant Vicar at Changanacherry Cathedral for two years, followed by doctoral studies in Canon Law in Rome. On returning, he was appointed Chancellor of Changanacherry Diocese, going on to become the Professor and Procurator for 5-6 years at the Vadavathoor Seminary being set up then. After his tenure, he returned to Changanacherry Cathedral as Vicar, subsequently serving at the Lourdes Church both in Trivandrum and Kottayam. He also served in parishes in Ettumanoor and Laikkad, among others. As his health deteriorated, he stepped back from formal duties, spending the remainder of his life at the Mudiyoorkara Priest Home.

He passed away at Chethipuzha Hospital at 70 and was laid to rest at his ancestral parish in Thuruthy, two days later. He was survived by his mother and siblings and is fondly remembered by his nieces and nephews. We commemorate the 25th Anniversary of his passing this year.

*Forever in our hearts*

www.malankaralibrary.com

# മരിയദൂത്

മർത്ത് മറിയം ഫൊറോനാ പാരീഷ് ബുള്ളറ്റിൻ
ജനുവരി – മാർച്ച് 2024
ദനഹാ–നോമ്പ്–ഉയിർപ്പുകാലങ്ങൾ

MARTH MARIAM FORANE CHURCH
Thuruthy, Changanacherry - 686 535
0481-2320167, 9496213051

Private Circulation only



## താളുകൾ മറിക്കുമ്പോൾ


- മുഖമൊഴി 02
- വികാരിയച്ചന്റെ കത്ത് 07
- സ്നേഹപൂർവ്വം കൊച്ചച്ചൻ 10
- അധികാരത്തോട് ഭ്രമമില്ലാതെ 11
- വേദനകളെ ശാന്തതയോടെ നേരിട്ടു 13
- ശുശ്രൂഷകൾ തുടരും 15
- എടാ റാഫേലേ; നീ എവിടേക്കാ പോണേ 17
- നവോത്ഥാനത്തിന്റെ തിരിതെളിച്ചത് ചാവറയച്ചൻ 19
- പരി. കന്യകാമറിയത്തിന്റെയും വി. സെബസ്ത്യാനോസിന്റെയും തിരുനാൾ പ്രോഗ്രാം
- കിഴക്കിന്റെ അസ്സീറിയൻ സഭയുടെ ഉത്ഭവം 25
- സർക്കാർ ജോലിയാണോ നിങ്ങളുടെ സ്വപ്നം 28
- രണ്ടാം വർഷത്തിലേക്ക് ഏദൻ കർഷക സംഘം 34
- സംഘടനാ വാർത്തകൾ 39
- ഇടവക ഡയറി 42
- മരിയൻ ക്വിസ് 47




**മാനേജിംഗ് എഡിറ്റർ :**
റവ. ഫാ. ജോസ് വരിക്കപ്പള്ളിൽ
ഫോൺ : 9446202001

**ചീഫ് എഡിറ്റർ :**
ഡോ. സെബിൻ എസ്. കൊട്ടാരം
ഫോൺ: 9497216019

**എക്സിക്യൂട്ടീവ് എഡിറ്റർ :**
റവ. ഫാ. ബിജോ ഇരുപ്പക്കാട്ട്
ഫോൺ : 7510138581

**കൈക്കാരന്മാർ :**
എബ്രഹാം തോമസ് കിഴക്കേതെയ്യിൽ – 9447780457
കമഡോർ അനിൽ ജോസ് ജോസഫ് – 9969205651
വർഗ്ഗീസ് കുന്നത്ത് – 9495749846

**അസോസിയേറ്റ് എഡിറ്റേഴ്സ് :**
സെർജി ആന്റണി നാല്പതാംകളം
പ്രൊഫ. ജോസഫ് ടിറ്റോ നേര്യംപറമ്പിൽ
നിറ്റോ ബേബി തറയിൽ
ജോജോ ജോസഫ് അറയ്ക്കൽ
ജിതിൻ സേവ്യർ നെടുംപറമ്പിൽ
ബീന മാളിയേക്കൽ

**പാരീഷ് കൗൺസിൽ സെക്രട്ടറി:**
ജോളിച്ചൻ കുന്നേൽ

**അക്കൗണ്ടന്റ് :**
സണ്ണിച്ചൻ കളത്തിപ്പറമ്പിൽ

**കവർ ഡിസൈൻ :**
ബിജു കുന്നത്ത്

**ലേ ഔട്ട് :**
ഷിജോ മാളിയേക്കൽ

**ഫോട്ടോ :**
ബിജോ മംഗലത്ത്

www.malankaralibrary.com





# ദൈവത്തിന്റെ സമയത്തിനായി കാത്തിരിക്കാം

ജീവിതത്തിലെ വിവിധ മേഖലകളിൽ കുറച്ചുനാൾ പ്രവർത്തിച്ചിട്ടും ആഗ്രഹിച്ച ഫലം ലഭിക്കാതിരിക്കുമ്പോൾ പലരും മടുപ്പിലേക്കും നിരാശയിലേക്കും ഭാവിയേക്കുറിച്ചുള്ള ഉത്കണ്ഠയിലേക്കുമെല്ലാം പോകാറുണ്ട്. കാരണം, മനുഷ്യൻ കാത്തിരിപ്പിന് സമയപരിധി നിശ്ചയിക്കുന്നു. ആ സമയത്തിനുള്ളിൽ കാര്യങ്ങൾ നടക്കാതെ വരുമ്പോൾ ചിലർ ദൈവത്തിൽ നിന്നുതന്നെ അകലുന്നു. രോഗാവസ്ഥയിൽ, ബിസിനസിലെ തകർച്ചയിൽ, പുതിയ ജോലിക്കായുള്ള അന്വേഷണത്തിൽ, ജീവിത പങ്കാളിയുടെ അകൽച്ചയിൽ, മക്കളുടെ തെറ്റായ ശീലങ്ങളിൽ... ഉൾപ്പെടെ ജീവിതത്തിലെ വിവിധ മേഖലകളിൽ പെട്ടെന്ന് കാര്യങ്ങൾ നടക്കണമെന്ന് എല്ലാവരും ആഗ്രഹിക്കുന്നു. നമ്മൾ ഉദ്ദേശിച്ച സമയത്ത് ഫലം ലഭിക്കാതെ വരുമ്പോൾ, അൽപനാൾ കാത്തിരിക്കേണ്ടി വരുമ്പോൾ ദൈവവും എന്നെ കൈവിട്ടു എന്ന നിരാശ നിറഞ്ഞ ചിന്തയിലേക്കും അതുവഴി വിഷാദത്തിലേക്കും ഉത്കണ്ഠയിലേക്കും അസ്വസ്ഥതയിലേക്കും പലരും കടന്നുചെല്ലുന്നു.

ഓർക്കുക, നമ്മുടെ ജീവിതത്തിൽ ഒരു മാറ്റവും വരുകയില്ല എന്നുള്ള നിരാശ സാത്താന്റെ കെണിയാണ്. ദൈവത്തിനു നമ്മോടുള്ള കരുണ

www.malankaralibrary.com


യിലും ദൈവത്തിന്റെ പരിപാലനയിലുമുള്ള അവിശ്വാസമാണ് നിരാശ യിലേക്ക് നയിക്കുന്നത്. അതോടെ ദൈവീകകാര്യങ്ങളോടുള്ള താല്പ ര്യം കുറയും. ജീവിതത്തിൽ വിശുദ്ധിക്ക് കോട്ടംതട്ടും. വചനത്തിൽ നോക്കിയാൽ ദൈവത്തിന്റെ സമയത്തിനായി കാത്തിരിക്കുന്ന ജനത്തി നു മേൽ ദൈവം അത്ഭുതങ്ങൾ ചൊരിയുന്നത് കാണാം.

ഇസ്രായേൽ ജനം രക്ഷകനായി കാത്തിരുന്നത് 2000 വർഷമാണ്.

ഇസഹാക്ക് എന്ന ആദ്യത്തെ കൺമണി പിറക്കാൻ അബ്രാഹം 100 ഉം സാറാ 80 വയസും വരെ കാത്തിരുന്നു.

വാഗ്ദാനങ്ങളിൽ വിശ്വസ്തനാണ് ദൈവം. അവിടുന്ന് അബ്രാഹ ത്തിന് നൽകിയ വാഗ്ദാനം പാലിച്ചു.

''നിന്റെ സന്തതി ഇപ്രകാരം ആയിരിക്കും എന്ന് പറയപ്പെട്ടതനുസ രിച്ച്, താൻ അനേകം ജനതകളുടെ പിതാവാകും എന്ന് പ്രതീക്ഷയ്ക്ക് സാധ്യത ഇല്ലാതിരുന്നിട്ടും, പ്രതീക്ഷയോടെ അവൻ വിശ്വസിച്ചു. നൂറു വയസായ തന്റെ ശരീരം മൃതപ്രായമായിരിക്കുന്നെന്നും, സാറായുടെ ഉദരം വന്ധ്യമാണെന്നും അറിയാമായിരുന്നിട്ടും അവന്റെ വിശ്വാസം ദുർബലമായില്ല. വിശ്വാസമില്ലാത്തവനെപ്പോലെ ദൈവത്തിന്റെ വാഗ്ദാ നത്തിനെതിരായി അവൻ ചിന്തിച്ചില്ല. മറിച്ച് ദൈവത്തെ മഹത്വപ്പെടു ത്തിക്കൊണ്ട് അവൻ വിശ്വാസത്താൽ ശക്തിപ്രാപിച്ചു. വാഗ്ദാനം നിറ വേറ്റാൻ കഴിയുമെന്ന് അവന് പൂർണ ബോധ്യമുണ്ടായിരുന്നു. അതുകൊ ണ്ടാണ് അവന്റെ വിശ്വാസം അവന് നീതിയായി പരിഗണിക്കപ്പെട്ടത്.'' (റോമ. 4:18-22).

നമ്മുടെ ജീവിതത്തിലും കർത്താവ് ഇടപെടും എന്ന വിശ്വാസത്തോ ടെ നാം കാത്തിരിക്കണം.

കാനായിലെ കല്യാണ വിരുന്നിൽ അവർക്ക് വീഞ്ഞില്ല എന്ന് മാതാ വ് ഈശോയോട് പറഞ്ഞപ്പോൾ എന്റെ സമയം ഇനിയും സമാഗതമാ യിട്ടില്ല എന്നാണ് ഈശോ പറഞ്ഞത്. തുടർന്ന് ഭരണികളിൽ വെള്ളം

**നമ്മുടെ ജീവിതത്തിൽ ഒരു മാറ്റവും വരുകയില്ല എന്നുള്ള നിരാശ സാത്താന്റെ കെണിയാണ്. ദൈവത്തിനു നമ്മോടുള്ള കരുണയിലും ദൈവത്തിന്റെ പരിപാലനയിലുമുള്ള അവിശ്വാസമാണ് നിരാശയിലേക്ക് നയിക്കുന്നത്.**

www.malankaralibrary.com


നിറയ്ക്കാനും കലവറ പ്രമാണിയുടെ അടുക്കൽ കൊണ്ടുപോയി കാണിക്കാനുമാണ് പറഞ്ഞത്. ഇവയെല്ലാം വീഞ്ഞാകട്ടെയെന്നല്ല. എന്നാൽ ഏതവസ്ഥയിലും ഈശോയ്ക്ക് പ്രവർത്തിക്കാൻ സാധിക്കുമെന്ന മാതാവിന്റെയും മറ്റുള്ളവരുടെയും വിശ്വാസം മൂലം അവിടെ അത്ഭുതം സംഭവിച്ചു. പച്ചവെള്ളം വീഞ്ഞായി മാറി.

ദൈവത്തിന്റെ പ്രവർത്തിക്ക് ഒരു സമയമുണ്ട്. ദൈവം നമ്മെ മഹത്വപ്പെടുത്തുന്നതിനും ഒരു സമയമുണ്ട്. അതിനാൽ എടുത്തുചാടി സാത്താൻ സേവക്കാരുടെയും കൂടോത്രക്കാരുടേയും മന്ത്രവാദികളുടെയൊന്നും പിന്നാലെ പോകാതെ ദൈവം പ്രവർത്തിക്കാനായി കാത്തിരിക്കുക. നമ്മുടെ കൈയിൽ ഒന്നുമില്ലെങ്കിലും നമ്മുടെ സമ്പത്തിനെ ഉൾപ്പെടെ വർധിപ്പിക്കുവാൻ അവിടുത്തേക്ക് കഴിയും. വലിയൊരു ജനക്കൂട്ടത്തിന് നൽകാൻ അഞ്ചപ്പം മാത്രമുണ്ടായിരുന്നപ്പോൾ, അത് ഈശോയ്ക്ക് സമർപ്പിച്ചപ്പോൾ അത് അയ്യായിരം പേരുടെ വിശപ്പകറ്റാൻ മതിയാകുന്നതായി.

രാത്രി മുഴുവൻ അധ്വാനിച്ചിട്ടും ഒന്നും കിട്ടാത്ത ശ്ലീഹന്മാർക്ക് ഈശോ പറഞ്ഞ സ്ഥലത്ത് വലയിറക്കിയപ്പോൾ വല നിറയെ മത്സ്യം ലഭിച്ചു. നമ്മുടെ ബുദ്ധിക്കും തീരുമാനങ്ങൾക്കുമപ്പുറം ദൈവഹിതം എല്ലാക്കാര്യത്തിലും ആരായാൻ നമുക്ക് സാധിക്കുമ്പോഴാണ് അവിടുത്തെ അത്ഭുതങ്ങൾ ദർശിക്കാൻ സാധിക്കുന്നത്.

രാത്രി മുഴുവൻ ശ്ലീഹന്മാർ അധ്വാനിച്ചിട്ടും അവർക്ക് മീനൊന്നും കിട്ടാതിരുന്നപ്പോഴാണ് ഇവിടെ വലയെറിയാൻ ഈശോ പറയുന്നത്. അതുകേട്ട് ശ്ലീഹന്മാർക്ക് ലോജിക്കലായി ചിന്തിച്ച് തർക്കിക്കാമായിരുന്നു, ഈശോയുടെ വാക്കിനെ അവഗണിക്കാമായിരുന്നു.

പത്രോസാകട്ടെ വിദഗ്ധനായ മീൻപിടുത്തക്കാരന്റെ മകനാണ്. ഈശോയാകട്ടെ തച്ചന്റെ മകനും. ഈശോയ്ക്ക് ഇതിനെക്കുറിച്ചെന്തറിയാം എന്ന് ചോദിക്കാമായിരുന്നു.

ഏറ്റവും കൂടുതൽ മീനിനെ ലഭിക്കുന്നത് രാത്രിയിലാണ്. അപ്പോഴാണ് രാത്രി മുഴുവൻ കിട്ടാത്ത മീൻ പകൽ കിട്ടുമെന്ന് ഈശോ പറയുന്നത്. അതിനേയും തള്ളിക്കളയാമായിരുന്നു. പക്ഷേ ബുദ്ധിക്കപ്പുറം ഈശോയിൽ വിശ്വസിച്ചപ്പോൾ അവിടെ ഇല്ലായ്മയിൽ നിന്ന് സമൃദ്ധി ഉണ്ടായി. ഇവിടെ സാഹചര്യങ്ങൾക്കൊന്നും ഒരു മാറ്റവും ഇല്ല. പക്ഷേ. ഈശോ അവരുടെ ജീവിതത്തിലേക്ക് വന്നപ്പോൾ അത്ഭുതം സംഭവിച്ചു.

www.malankaralibrary.com


ജീവിതത്തിൽ പ്രതിസന്ധികൾ വരുമ്പോൾ വിശുദ്ധിയോടെ, തീക്ഷ്ണമായി പ്രാർത്ഥിക്കുമ്പോൾ നാം എന്തു ചെയ്യണമെന്ന് അവിടുന്ന് പറഞ്ഞ് തരും.

വചനം പഠിച്ചതുകൊണ്ടായില്ല. അനുസരിക്കാൻ സാധിക്കണം. അതിന് വിശ്വാസം വേണം.

പുതിയ വർഷത്തിൽ നമ്മുടെ ജീവിതത്തിലെ വിവിധ മേഖലകളിൽ ദൈവം പ്രവർത്തിക്കാനായി ക്ഷമയോടെ കാത്തിരിക്കാം. അതിനായി അവിടുത്തെ സ്വരം ശ്രവിക്കാം.

ചിലപ്പോൾ നമ്മുടെ വാക്കുകൾ കേൾക്കാനും അംഗീകരിക്കാനും ആരുമില്ലായിരിക്കും. എന്നാൽ കർത്താവ് നമുക്കൊപ്പമുണ്ടെങ്കിൽ നാമാരെയും ഭയപ്പെടേണ്ടതില്ല. അതാണ് വി. പൗലോസ് ശ്ലീഹാ തിമോത്തിയോസിന് എഴുതിയ രണ്ടാം ലേഖനത്തിൽ വ്യക്തമാക്കുന്നതും.

''എന്റെ ന്യായവാദങ്ങൾ ഞാൻ ആദ്യം അവതരിപ്പിച്ചപ്പോൾ, ആരും എന്റെ ഭാഗത്തില്ലായിരുന്നു. എല്ലാവരും എന്നെ ഉപേക്ഷിച്ചു. എന്നാൽ കർത്താവ് എന്റെ ഭാഗത്തുണ്ടായിരുന്നു.'' (2 തിമോ. 4:16-17)

മനുഷ്യരെ ഭയപ്പെടുന്നത് ഒരു കെണിയാണ്. ദൈവത്തിലാശ്രയിക്കുവാൻ വചനം നമ്മോട് പറയുന്നു. ഈ പുതുവർഷത്തിൽ ദൈവത്തിലാശ്രയിച്ചുകൊണ്ട്, നമ്മളിൽ അവിടുത്തെ മഹത്വം പ്രകടമാകുന്നതിനായി പ്രത്യാശയോടെ, ക്ഷമയോടെ കാത്തിരിക്കാം.

സീറോ മലബാർ സഭയ്ക്കും പ്രത്യാശയുടെ വർഷമാണ്. എല്ലാവരെയും ചേർത്തുപിടിക്കുന്ന എളിമയും വിനയവും ലാളിത്യവും ദൈവാശ്രയത്വവുമുള്ള മാർ റാഫേൽ തട്ടിൽ പിതാവിനെ നമ്മുടെ മേജർ ആർച്ച് ബിഷപ്പായി പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ ലഭിച്ചിരിക്കുകയാണ്. പ്രതിസന്ധി ഘട്ടങ്ങളിൽ സഭയെ ശക്തമായി മുന്നോട്ട് നയിക്കാൻ വലിയ പിതാവിന് കഴിയട്ടെയെന്ന് പ്രാർത്ഥിക്കുന്നു. 12 വർഷത്തോളം സീറോ മലബാർ സഭയെ നയിച്ചുകൊണ്ട്, മറ്റു സംസ്ഥാനങ്ങളിലും ഇന്ത്യയ്ക്കു വെളിയിലുമായി സിറോ മലബാർ സഭയെ വളർത്താൻ

**നമ്മുടെ ബുദ്ധിക്കും തീരുമാനങ്ങൾക്കുമപ്പുറം ദൈവഹിതം എല്ലാക്കാര്യത്തിലും ആരായാൻ നമുക്ക് സാധിക്കുമ്പോഴാണ് അവിടുത്തെ അത്ഭുതങ്ങൾ ദർശിക്കാൻ സാധിക്കുന്നത്.**

www.malankaralibrary.com


അക്ഷീണം പ്രയത്നിക്കുകയും നിരവധി സഹനങ്ങളിലൂടെ കടന്നു പോവുകയും ചെയ്ത മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ സ്ഥാന ത്യാഗത്തെത്തുടർന്നായിരുന്നു തട്ടിൽ പിതാവ് സഭാ മേലധ്യക്ഷനാവുന്നത്. ആലഞ്ചേരി പിതാവിനെക്കുറിച്ചുള്ള ലേഖനങ്ങൾ ഇത്തവണ മരിയദൂ തിലുണ്ട്.

കേരളത്തിൽ 25 വയസിൽ താഴെയുള്ള യുവജനങ്ങളുടെ എണ്ണം ആകെ ജനസംഖ്യയുടെ 23.1% മാത്രമാണെന്നാണ് കണക്കുകൾ സൂചി പ്പിക്കുന്നത്. ഇന്ത്യയിലാകെ 50% ത്തിന് മുകളിലായിരിക്കുമ്പോഴാണ് കേരളത്തിൽ യുവജനങ്ങൾ വൻതോതിൽ കുറഞ്ഞുകൊണ്ടിരിക്കുന്നത്. കേരളത്തിലെ യുവജനങ്ങളിൽ 33% പേരും വിദേശത്ത് പോകാൻ ആഗ്ര ഹിക്കുന്നവരാണെന്ന് അടുത്ത കാലത്തെ ഒരു സർവ്വേ സൂചിപ്പിക്കുന്നു. മധ്യ തിരുവിതാംകൂറിൽ ഒട്ടേറെ വീടുകളാണ് ആളില്ലാതെ അടച്ചു പൂട്ടിയിരിക്കുന്നത് വരുംവർഷങ്ങളിൽ വിദേശകുടിയേറ്റം ഉയരാനാണ് സാധ്യത. ഇത് തുടർന്നു പോയാൽ കേരളം ഭാവിയിൽ മലയാളി ചെറു പ്പക്കാരില്ലാത്ത വയസ്സായവരുടെ മാത്രം ഇടമായി മാറും. കാരണം, യൂറോപ്പിലും മറ്റും ജോലി ചെയ്യുന്നവർ പിന്നീട് കേരളത്തിലേക്ക് മട ങ്ങിവരുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

ഈയൊരു സാഹചര്യത്തിലാണ് കേന്ദ്ര-സംസ്ഥാന സർക്കാരുക ളിൽ ഉയർന്ന ശമ്പളവും സ്ഥാനക്കയറ്റ സാധ്യതയും മറ്റുമുള്ള ഒട്ടേറെ ജോലികളുടെ സാധ്യത വിവരിക്കുന്ന ലേഖനം ഇത്തവണ മരിയദൂതിൽ കൊടുത്തിരിക്കുന്നത്. ഇവിടെയുള്ള നല്ല സാധ്യതകൾ ഉപയോഗപ്പെടു ത്താൻ ഇത് സഹായകരമായിരിക്കും.

സഭാ-സാമൂഹിക രംഗത്ത് ഒട്ടേറെ മാറ്റങ്ങൾക്ക് തുടക്കം കുറിച്ച, കേരളത്തിൽ നവോത്ഥാനത്തിന് ആരംഭം കുറിച്ച വി. ചാവറ കുര്യാക്കോ സ് ഏലിയാസച്ചനേക്കുറിച്ചുള്ള ലേഖനവും കേരള ചരിത്രത്തിൽ ചാവ റയച്ചന്റെ സംഭാവനകൾ മനസിലാക്കാൻ സഹായിക്കുന്നതാണ്.

പുതിയ വർഷത്തിൽ നല്ല ചിന്തകളിലേക്കും പുതിയ തീരുമാനങ്ങ ളിലേക്കും മാറാൻ ഈ ലക്കം മരിയദൂത് സഹായകരമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

**ഡോ. സെബിൻ എസ്. കൊട്ടാരം**

ചീഫ് എഡിറ്റർ

www.malankaralibrary.com



വികാരിയച്ചന്റെ കത്ത്

# ദൈവകൃപയ്ക്ക് നന്ദി പറയാം



പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരെ,

ഒരു പുതിയ വർഷത്തിലേയ്ക്ക് നാം പ്രവേശിക്കുകയാണല്ലോ. കഴിഞ്ഞ വർഷം നമ്മുടെ ഇടവകയിലും, കുടുംബവ്യക്തിജീവിതത്തിലും ദൈവം നൽകിയ എല്ലാ കൃപകളെയും അനുഗ്രഹങ്ങളെയും നന്ദിയോടെ ഓർക്കാം. ഒത്തിരി സന്തോഷങ്ങളും അനുഗ്രഹങ്ങളും കുറെ ദുഃഖങ്ങളും വേർപാടുകളുമൊക്കെ സമ്മാനിച്ച പോയ വർഷത്തിൽ എല്ലാത്തിലും ദൈവത്തിന്റെ കരുണയും കൃപയും കണ്ടെത്താൻ പരിശ്രമിക്കാം. കഴിഞ്ഞ വർഷം നമ്മുടെ കൂടെ ഉണ്ടായിരുന്ന പലരും നമ്മുടെ കൂടെയില്ല എന്ന് നമുക്ക് അറിയാം. ദൈവാനുഗ്രഹപ്രദമായ 2024 ൽ നമ്മുടെ ഇടവകയ്ക്കും നമുക്ക് ഓരോരുത്തർക്കും കൂടുതൽ ഉണർവും ചൈതന്യവും ലഭിക്കുവാൻ പ്രാർത്ഥിക്കുന്നു.

ഈ വർഷം നമ്മുടെ ഇടവകയുടെ വളർച്ചയും പുരോഗതിയും എത്തിനോക്കുവാനുള്ള അവസരമാണ്. 1834 ആഗസ്റ്റ് 15 മുതൽ ഇങ്ങോട്ട് 2024 വരെ നീണ്ടു നിൽക്കുന്ന 190 വർഷത്തെ ചരിത്രം നമുക്ക് അറിയുവാനും സന്തോഷിക്കുവാനുമുള്ളതാണ്. നിരവധി ഇടവകകൾക്ക് ജന്മം നൽകുവാനും മേജർ ആർച്ച് ബിഷപ്പ് മുതൽ സഭാ ശുശ്രൂഷയ്ക്കായി നിരവധി വൈദികരെയും സന്യസ്തരെയും സംഭാവന ചെയ്യാനും സാധി

ച്ച ഇടവകയാണിത്. പ്രാർത്ഥനയോടെ ചങ്ങനാശേരി അതിരൂപതയിലെ വിവിധങ്ങളായ വികസനങ്ങളിൽ പങ്കുകാരാകുവാൻ ദൈവം അനുഗ്രഹിച്ച തുരുത്തി ഇടവകയെ ഓർത്ത് നമുക്ക് നന്ദിപറയാം. ഒപ്പം അർപ്പണ മനോഭാവവും സഭാബോധവും വിശ്വസ്തതയുമുള്ള നിരവധി വൈദികരെയും സന്യസ്തരെയും ഈ ഇടവകയിലൂടെ നമ്മുടെ സഭയ്ക്ക് നൽകണമേ എന്ന് ദൈവത്തോട് പ്രാർത്ഥിക്കാം.

ഈ 190-ാം വർഷത്തിൽ നിരവധി കാര്യങ്ങളും നമുക്ക് ഇടവകയിൽ പൂർത്തിയാക്കാനുണ്ട്. പ്രത്യേകിച്ച് നമ്മൾ വസ്തു വാങ്ങി സംഭാവന ചെയ്ത വീട്ടുകാർക്ക് അവരുടെ ഭവനങ്ങൾ പൂർത്തീകരിച്ച് കൊടുക്കുക എന്നത് വലിയ സ്വപ്നമാണ്. അതോടൊപ്പം പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഇടവകയിൽ സജ്ജമാക്കിക്കൊണ്ട് ഇടവകയിലെ കിടപ്പ് രോഗികൾക്കും മറ്റും സഹായം എത്തിക്കാനുമുള്ള പദ്ധതികളും നമ്മൾ ആവിഷ്ക്കരിക്കണം. ഒപ്പം നമ്മുടെ പള്ളിമേടയുടെ നവീകരണവും അത്യാവശ്യമായിരിക്കുന്ന ഒരു സമയമാണ്. എല്ലാത്തിനും നിങ്ങളുടെ സഹകരണവും കൂട്ടായ്മയും ഉണ്ടാകണമെന്ന് ഓർമ്മപ്പെടുത്തുന്നു.

ജനുവരി-ഫെബ്രുവരി മാസങ്ങളിലായി ഇടവകയുടെ മധ്യസ്ഥയായ മർത്ത് മറിയത്തിന്റെയും മാർ സെബസ്ത്യാനോസിന്റെയും തിരുനാൾ നമ്മൾ ആഘോഷിക്കുകയാണ്. അതിന്റെ ഭാഗമായി ഭവനങ്ങളിലേക്കുള്ള കഴുന്ന് എടുപ്പും കൂട്ടായ്മകളിലേക്കുള്ള പ്രദിക്ഷണങ്ങൾ നടത്തുവാനും മറ്റ് പെരുന്നാൾ ആഘോഷങ്ങൾക്കുമായി ഇടവക ഒരുങ്ങുകയാണ്. ഈ വർഷത്തെ ഇടവക തിരുനാൾ കൂടുതൽ മനോഹരമാക്കുവാൻ നമുക്ക് ഒരുമിച്ച് പരിശ്രമിക്കാം.

ഫെബ്രുവരി 12-ാം തീയതി നാം 50 നോമ്പിലേക്ക് പ്രവേശിക്കുകയാണ്. നോമ്പും വലിയ ആഴ്ചയുമൊക്കെ ഇത്തവണ ഫെബ്രുവരി, മാർച്ച് മാസങ്ങളിലായാണ് നടക്കുക. പഠന, ജോലി തിരക്കുകൾക്കിടയിൽ നോമ്പിന്റെ അരൂപി നഷ്ടപ്പെടുത്താതെ പ്രാർത്ഥന ഉപവാസ അനുഷ്ഠാനങ്ങളിലൂടെ നോമ്പുകാല അരൂപിയിൽ ജീവിക്കുവാൻ നമ്മൾ ശ്രദ്ധിക്കണം.

അമ്പത് നോമ്പ് കാലത്ത് ഫെബ്രുവരി 14 മുതൽ 18 വരെയാണ് ചങ്ങനാശേരി ബൈബിൾ കൺവൻഷൻ. ചങ്ങനാശേരി വലിയ പള്ളിയിൽ വച്ച് ബഹു. ഡാനിയേൽ പൂവണ്ണത്തിൽ അച്ചന്റെ നേതൃത്വത്തിൽ നടക്കുന്ന കൺവൻഷനിൽ സാധിക്കുന്നവർ പങ്കുചേർന്ന് ആത്മീയ ഉണർവ്

www.malankaralibrary.com


**ഏപ്രിൽ മാസത്തിൽ വാർഡ് കൺവൻഷനും മെയ് മാസം ഇടവകദിനവും നടത്തുവാൻ ആഗ്രഹിക്കുന്നു.**

നേടുവാൻ ശ്രദ്ധിക്കണം.

ബൈബിൾ പഠനത്തിനു വേണ്ടി ഒരുക്കുന്ന നൂറുമേനി ബൈബിൾ പഠനത്തിന്റെ രണ്ടാം ഘട്ടത്തിലും, സെപ്റ്റംബറിൽ ലോഗോസ് ക്വിസിലും കൂടുതൽ താല്പര്യത്തോടെ പങ്കുചേരണമെന്ന് താല്പര്യപ്പെടുന്നു. നമ്മുടെ തലമുറകൾക്ക് വചനം പഠിക്കുവാനും സഭാബോധം വളർത്തുവാനും നടത്തുന്ന പരിശ്രമങ്ങളിൽ എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണം. നമ്മുടെ ഇടവക മുഴുവനുമായി ചേർന്ന് നടത്തുന്ന മറ്റൊരു പ്രത്യേക അനുസ്മരണമാണ് മാർ യൗസേപ്പ് പിതാവിന്റെ മരണത്തിരുനാളും ഊട്ടുനേർച്ചയും. മാർച്ച് 19-ാം തീയതി നടക്കുന്ന മരണത്തിരുനാളിനായി കൂട്ടായ്മയിൽ ഒരുക്കങ്ങൾ ചെയ്യേണ്ടതാണ്. തിരുക്കുടുംബനാഥനായ വി. യൗസേപ്പിതാവിന്റെ നീതിബോധവും സ്നേഹചിന്തകളുമൊക്കെ ദൈവാശ്രയബോധം കൂടുതൽ സാധ്യമാക്കാൻ ഈ തിരുനാളിൽ നമുക്ക് പരിശ്രമിക്കാം.

ദനഹായുടെ അവസാന വെള്ളിയാഴ്ച നമ്മുടെ പാരമ്പര്യം അനുസരിച്ച് സകല മരിച്ചവരുടേയും ഓർമ്മ ദിവസമാണ്. ഈ ദിനത്തിൽ നമ്മുടെ പൂർവ്വികരെ അനുസ്മരിക്കുവാനും പ്രാർത്ഥിക്കുവാനും അവരിലൂടെ നമുക്കും ഇടവകയിലും ദൈവം നൽകിയ അനുഗ്രഹങ്ങളെ ഓർത്ത് പ്രാർത്ഥിക്കുവാനും നമുക്ക് സാധിക്കട്ടെ. നമ്മുടെ പ്രിയപ്പെട്ടവരുടെ ആത്മാക്കൾക്കായി നമുക്ക് പ്രാർത്ഥിക്കാം.

ഈ വർഷം നോമ്പുകാലത്ത് ഭവനസന്ദർശനവും വീട് വെഞ്ചരിപ്പും തുടർന്ന് ഏപ്രിൽ മാസത്തിൽ വാർഡ് കൺവൻഷനും മെയ് മാസം ഇടവകദിനവും നടത്തുവാൻ ആഗ്രഹിക്കുന്നു. അഞ്ച് വർഷത്തെ ഇടവേളയ്ക്ക് ശേഷം നടത്തുന്ന ഈ ദിനത്തിനായി നമുക്ക് പ്രാർത്ഥനയോടെ ഒരുങ്ങാം.

എല്ലാവർക്കും പുതുവത്സരാശംസകൾ നേരുന്നു,

എന്ന്,

നിങ്ങളുടെ വികാരി

**വരിക്കപ്പള്ളി ജോസച്ചൻ**

www.malankaralibrary.com



സ്നേഹപൂർവ്വം
കൊച്ചച്ചൻ...

# നോമ്പിന്റെ ചൈതന്യം നിറയ്ക്കാം



ഈശോയിൽ സ്നേഹമുള്ളവരെ,

ആരാധനാവത്സരക്കാലത്തിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ട് കാലങ്ങളിലൂടെ നമ്മൾ കടന്നു പോവുകയാണ് - ദനഹാക്കാലം, നോമ്പുകാലം. ദനഹാക്കാലത്തിലെ ഓരോ വെള്ളിയാഴ്ചയും ഈശോയുടെ രക്ഷാകര പദ്ധതി നമുക്ക് പങ്കുവെച്ച് തന്ന ഓരോ വ്യക്തികളെയും ഓർക്കുകയാണ്. ആദ്യ വെള്ളിയാഴ്ച ഈശോയെ ലോകത്തിന് പരിചയപ്പെടുത്തിയ യോഹന്നാൻ മാംദാനയെ ഓർക്കുന്നു. രണ്ടാമത്തെ വെള്ളിയാഴ്ച ഈശോയുടെ ഉത്ഥാനത്തെക്കുറിച്ച് പ്രഘോഷിച്ചുകൊണ്ട് സഭയുടെ നെടുംതൂണുകളായി നിലകൊണ്ട പത്രോസ്-പൗലോസ് ശ്ലീഹന്മാരെ അനുസ്മരിക്കുന്നു. ഈശോയെ ഇന്നും നമ്മൾ കണ്ടെത്തുന്ന സുവിശേഷങ്ങൾ രചിച്ച സുവിശേഷകരെയാണ് മൂന്നാ മത്തെ വെള്ളിയാഴ്ച അനുസ്മരിക്കുന്നത്. നാലാമത്തെ വെള്ളിയാഴ്ച ആദ്യരക്തസാക്ഷിയായ എസ്തപ്പാനോസിനെയും ഗ്രീക്ക്-സുറിയാനി സഭാ പിതാക്കന്മാരെയും ഓർക്കുമ്പോൾ, അവസാന വെള്ളിയാഴ്ച നമുക്ക് വിശ്വാസം പകർന്നുതന്ന നമ്മുടെ പൂർവികർ ഉൾപ്പെടുന്ന സകല മരിച്ചവരെയും അനുസ്മരിക്കുന്നു. രണ്ട് നോമ്പുകൾ ഈ കാലഘട്ടങ്ങളിൽ നമ്മൾ ആചരിക്കുന്നു. ജനുവരി 22 ന് തുടങ്ങുന്ന മൂന്ന് നോമ്പും, ഫെബ്രുവരി 12ന് തുടങ്ങുന്ന അമ്പതുനോമ്പും. നോമ്പിന്റെ ചൈതന്യം ഏറ്റവും അധികം ഉൾക്കൊണ്ട് ജീവിച്ചു വന്ന സഭാ സമൂഹമാണ് നമ്മുടേത്. കർത്താവിൽ പ്രത്യാശയർപ്പിച്ചുകൊണ്ടും, ദൈവസ്നേഹത്തെ പ്രതി ചില ത്യാഗങ്ങൾ എടുത്തുകൊണ്ടും ആത്മീയതയിൽ ആഴപ്പെടുവാനും നമ്മുടെ വരും തലമുറയ്ക്ക് മാതൃകയാകാനും ഈ ആരാധനാവത്സരക്കാലങ്ങൾ ഇടയാക്കട്ടെ.

സ്നേഹപൂർവ്വം,
**ബിജോച്ചൻ**

www.malankaralibrary.com



# അധികാരത്തോട് ഭ്രമമില്ലാതെ...




ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം

സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി പിതാവ് രാജിവെക്കുകയും ആ രാജി പരിശുദ്ധ പിതാവ് സ്വീകരിക്കുകയും ചെയ്തത് ഞെട്ടലും വേദനയും ഉളവാക്കിയ സംഭവമായിരുന്നു. ഒരു സഭയുടെ തലവനും പിതാവുമാണ് മേജർ ആർച്ച് ബിഷപ്പ്. ആ നിലയിൽ 2011 മുതൽ ആലഞ്ചേരി പിതാവ് നമ്മുടെ സഭയ്ക്ക് നേതൃത്വം നൽകുകയായിരുന്നു. ഇപ്പോൾ എന്തുകൊണ്ട് അദ്ദേഹം പെട്ടെന്ന് രാജിവച്ചു എന്ന ചോദ്യത്തിന് പല ഉത്തരങ്ങളും പലരും പറയുന്നുണ്ട്. ആലഞ്ചേരി പിതാവ് മൂന്ന് നാല് വർഷം മുമ്പ് തന്നെ രാജിക്കത്ത് പരിശുദ്ധ പിതാവിനെ ഏൽപ്പിച്ചിരുന്നു എന്നതാണ് സത്യം. എന്നാൽ സീറോ മലബാർ സഭയുടെ സിനഡ് ഇക്കാര്യം ചർച്ച ചെയ്യുകയും ഇപ്പോൾ രാജിവെക്കരുത് എന്ന് ആവശ്യപ്പെടുകയും സഭയുടെ തീരുമാനം റോമിനെ അറിയിക്കുകയും ചെയ്തിരുന്നു. എന്നാൽ തന്റെ രാജി സ്വീകരിക്കണം എന്ന് ആലഞ്ചേരി പിതാവ് വീണ്ടും പരിശുദ്ധ പിതാവിനെ അറിയിച്ചു. അങ്ങനെ പരിശുദ്ധ പിതാവ് അദ്ദേഹത്തിന്റെ രാജി സ്വീകരിക്കുകയായിരുന്നു. എന്തുകൊണ്ട് അങ്ങനെ ചെയ്തു എന്നത് വ്യക്തിപരമായ സ്വാതന്ത്ര്യത്തിന്റെ പരിധിയിൽ വരുന്ന കാര്യമാണ്. ഒരു മേജർ ആർച്ച് ബിഷപ്പിന് വിരമിക്കാൻ പ്രത്യേക പ്രായപരിധി

www.malankaralibrary.com


**ഒരു സഹന ദാസൻ എന്ന രീതിയിൽ ജീവിക്കേണ്ടി വന്നപ്പോഴും അതെല്ലാം സൗമ്യതയോടെയും സഹിഷ്ണതയോടെയും അദ്ദേഹം സ്വീകരിച്ചു.**

ഒന്നുമില്ല. അദ്ദേഹത്തിന് വേണമെങ്കിൽ മരണംവരെ ആ പദവിയിൽ തുടരാം. അധികാരത്തോടുള്ള ഭ്രമമോ പദവിയോടുള്ള ആവേശമോ അദ്ദേഹത്തിനുണ്ടായിരുന്നില്ല എന്നതാണ് സത്യം. സീറോ മലബാർ സഭയെ സംബന്ധിച്ചിടത്തോളം സഭയുടെ തലവനും പിതാവും എന്ന നിലയിലുള്ള ആലഞ്ചേരി പിതാവിന്റെ ശുശ്രൂഷ വളരെയധികം ശ്ലാഘിക്കപ്പെടേണ്ടതാണ്. ഒരു സഹന ദാസൻ എന്ന രീതിയിൽ ജീവിക്കേണ്ടി വന്നപ്പോഴും അതെല്ലാം സൗമ്യതയോടെയും സഹിഷ്ണതയോടെയും അദ്ദേഹം സ്വീകരിച്ചു. പലരുംതളർന്നു പോകുമായിരുന്ന വിപരീത സാഹചര്യങ്ങളിലൂടെ എല്ലാം പിതാവ് കടന്നുപോയിട്ടുണ്ട്. പക്ഷേ അതെല്ലാം ധീരതയോടെ ഉൾക്കൊണ്ടു. പ്രകോപനം ഏതുമില്ലാതെ സ്വീകരിച്ചു. അതിന്റെയെല്ലാം പിന്നിൽ ദൈവപരിപാലന മാത്രമാണ് ഉണ്ടായിരുന്നത്. എന്തായാലും സഭാ ചരിത്രത്തിൽ വളരെ നിർണായകമായിരുന്നു ആലഞ്ചേരി പിതാവിന്റെ 12 വർഷക്കാലം.




നമ്മുടെ ഇടവകാംഗമായ **അനറ്റ് ആൻ ജോസഫ്** വരച്ച ആലഞ്ചേരി പിതാവിന്റെ ചിത്രം

www.malankaralibrary.com



ബിഷപ്പ് മാർ തോമസ് തറയിൽ



# വേദനകളെ ശാന്തതയോടെ നേരിട്ടു

പ്രശ്നങ്ങളുടെയും പ്രതിസന്ധികളുടെയും മധ്യത്തിലും ധീരമായി സഭയെ നയിച്ച കർദിനാൾ ജോർജ് ആലഞ്ചേരി പിതാവിന്റെ സ്ഥാനത്യാഗം അത്യധികം വേദനയോടെയാണ് കേട്ടത്. ചങ്ങനാശ്ശേരി അതിരൂപതയ്ക്കും, തക്കല രൂപതയ്ക്കും, എറണാകുളം-അങ്കമാലി അതിരൂപതയ്ക്കും, സീറോ മലബാർ സഭയ്ക്ക് മുഴുവനും അദ്ദേഹം നൽകിയ ശുശ്രൂഷകളെ സഭാ സമൂഹത്തിന് നന്ദിയോടെ മാത്രമേ ഓർക്കാനാവൂ. സഭയുടെ ഐക്യത്തിനും അഖണ്ഡതക്കും വേണ്ടി പോരാടിയ ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. സീറോ മലബാർ സഭക്ക് ഇന്ത്യ മുഴുവൻ ലഭിച്ച അജപാലന അവകാശങ്ങളുടെ പേരിലും ലോകമെമ്പാടും ലഭിച്ച രൂപതസംവിധാനങ്ങളുടെ പേരിലും 35 ൽ 34 രൂപതകളിലും ആരാധനക്രമം ഐക്യം കൈവരുത്താൻ സാധിച്ചതിന്റെ പേരിലും അദ്ദേഹം എന്നും ഓർമ്മിക്കപ്പെടും. ഒരു മേലധ്യക്ഷൻ എന്ന നിലയിൽ ഒരിക്കലും ചെയ്യാത്ത കാര്യങ്ങളുടെ പേരിൽ സ്വന്തം വൈദികരാൽ ഇത്ര മാത്രം അപമാനിക്കപ്പെട്ട ഒരാൾ സഭയുടെ ചരിത്രത്തിലില്ല. എന്നിട്ടും ആരുടേയും പേരിൽ അദ്ദേഹം ഒരു നടപടിയും എടുത്തില്ല. തന്റെ വൈദികർ എന്നെങ്കിലും സത്യം മനസിലാക്കി തിരിച്ചു വരുമെന്ന് അദ്ദേഹം പ്രതീക്ഷിച്ചു. പ്രാദേശികവാദത്തിന്റെയും വാശിയുടെയും

www.malankaralibrary.com


**ഒരു മേലധ്യക്ഷൻ എന്ന നിലയിൽ ഒരിക്കലും ചെയ്യാത്ത കാര്യങ്ങളുടെ പേരിൽ സ്വന്തം വൈദികരാൽ ഇത്രമാത്രം അപമാനിക്കപ്പെട്ട ഒരാൾ സഭയുടെ ചരിത്രത്തിലില്ല. എന്നിട്ടും ആരുടേയും പേരിൽ അദ്ദേഹം ഒരു നടപടിയും എടുത്തില്ല. തന്റെ വൈദികർ എന്നെങ്കിലും സത്യം മനസിലാക്കി തിരിച്ചു വരുമെന്ന് അദ്ദേഹം പ്രതീക്ഷിച്ചു.**

പേരിൽ അനുസരണവ്രതത്തിന്റെ സർവസീമകളും ലംഘിച്ചിട്ടും മതിയാകാതെ അവർ മുമ്പോട്ട് പോകുമ്പോഴും അദ്ദേഹം അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നുണ്ടാകും.

ഞാനറിയുന്ന അഭിവന്ദ്യ ആലഞ്ചേരി പിതാവ് ജീവിതത്തിൽ വലിയ ലാളിത്യം പുലർത്തുന്ന ആളാണ്. തന്റെ പക്കൽ സഹായം തേടിവരുന്നവരെ എപ്പോഴും അദ്ദേഹം അനുഗ്രഹിച്ചു. ഒരിക്കൽ കണ്ടവരെ പേരു ചൊല്ലി വിളിക്കാനുള്ള അസാധാരണമായ കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു. വലിയൊരു സ്ഥാനത്തിരുന്ന് ഇക്കാലയളവിൽ അനുഭവിച്ച വേദനകളെ ശാന്തതയോടെ നേരിടാൻ അദ്ദേഹത്തിന് സാധിച്ചത് ആഴമായ ആത്മീയപ്രഭ കൊണ്ട് മാത്രമായിരുന്നു എന്ന് തിരിച്ചറിയുന്നു. ആലഞ്ചേരി പിതാവിന് ജന്മം നൽകാൻ സാധിച്ചതിൽ ചങ്ങനാശ്ശേരി അതിരൂപത അഭിമാനിക്കുന്നു. അഭിവന്ദ്യ പിതാവേ, നന്ദി...



ചങ്ങനാശ്ശേരി അതിരൂപത ബൈബിൾ കലോത്സവത്തിൽ
സൂപ്പർ സീനിയർ വിഭാഗത്തിൽ പദ്യോച്ചാരണത്തിൽ ഒന്നാം സ്ഥാനം
നേടിയ അലീന ആന്റോ മുളഞ്ഞനാനി



www.malankaralibrary.com

# ശുശ്രൂഷകൾ തുടരും: മാർ ആലഞ്ചേരി

**കർദിനാൾ മാർ ജോർജ് ആലഞ്ചേരി**
**(സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് എമിരിറ്റസ്)**

സീറോ മലബാർ സഭയുടെ തലവൻ എന്ന നേതൃപരമായ ശുശ്രൂഷയിൽ നിന്നും മാറുമ്പോൾ ഇനിയുള്ള സഭാ പ്രവർത്തനങ്ങളിൽ വിരമിച്ച ഒരു സാധാരണ മെത്രാനെപ്പോലെ ആയിരിക്കാൻ മേജർ ആർച്ച് ബിഷപ്പ് എമിരിറ്റസിന് സാധിക്കില്ല. അങ്ങനെ തുടരുന്നത് ഉചിതം അല്ലെന്നാണ് എന്റെ പക്ഷം. ഒരു മെത്രാന് ചെയ്യാവുന്ന ശുശ്രൂഷകൾ എല്ലാം ഇനിയും തുടരും. തന്നെയുമല്ല പരിശുദ്ധ പിതാവ് എന്റെ രാജി സ്വീകരിച്ചുകൊണ്ട് നൽകിയ കത്തിൽ കർദിനാൾ എന്ന നിലയിലുള്ള സ്ഥാനവും ശുശ്രൂഷകളും തുടരുമെന്നും അത് നിർവഹിക്കണമെന്നും പ്രത്യേകം സൂചിപ്പിച്ചിട്ടുണ്ട്. നിലവിൽ വിവിധ മെത്രാൻ സമിതികളിൽ അംഗത്വം ഉണ്ട്. ഔദ്യോഗികനിലയിൽ അവയിൽ ഒക്കെ സംബന്ധിക്കുകയോ സംബന്ധിക്കാതിരിക്കുകയോ ചെയ്യാം. ഓരോ സാഹചര്യത്തിനും ഇണങ്ങുന്ന വിധം തീരുമാനമെടുത്ത് പ്രവർത്തിക്കാമെന്നാണ് ഇപ്പോൾ വിചാരിക്കുന്നത്. മേജർ ആർച്ച് ബിഷപ്പ് എന്ന നിലയിലുള്ള ശുശ്രൂഷയിൽ ദൈവം നൽകിയ സകല അനുഗ്രഹങ്ങളെ കുറിച്ചും എനിക്ക് സംതൃപ്തിയേയുള്ളൂ. ഇപ്പോൾ ഉണ്ടായ പ്രശ്നങ്ങളെക്കുറിച്ചും എനിക്ക് സംതൃപ്തി കുറവൊന്നുമില്ല. അവയെയും എന്റെ ശുശ്രൂഷയുടെ ഭാഗമായി സ്വീകരിക്കുകയും ദൈവത്തിന് നന്ദി പറയുകയും ചെയ്യുന്നു. മനുഷ്യ


www.malankaralibrary.com


ചരിത്രത്തിൽ എഴുതപ്പെടുന്ന അതിനേക്കാൾ സ്വർഗ്ഗത്തിൽ ജീവന്റെ പുസ്തകത്തിൽ പേര് എഴുതപ്പെടുന്നതാണല്ലോ കൂടുതൽ രക്ഷാകരം. മൗണ്ട് സെന്റ് തോമസിലെ കാമ്പസിൽ തന്നെയുള്ള ഒരു ഭവനത്തിൽ ഇനിയുള്ള കാലം താമസിക്കാനാണ് തീരുമാനം. വിരമിച്ച മേജർ ആർച്ച് ബിഷപ്പുമാർക്ക് അതാണ് നല്ലത്. ഇവിടെ താമസിച്ച് ഇവിടത്തെ ദേവാലയത്തിൽ തന്നെ സംസ്കരിക്കപ്പെടണമെന്ന് ആഗ്രഹം വിൽപത്രത്തിൽ എഴുതിവച്ചിട്ടുണ്ട്.



## ഇടവക കൂട്ടായ്മയിലെ പുതിയ പൂക്കൾ

| | | ജനനം | മാമ്മോദീസ |
|---|---|---|---|
| 1. | ഇയാൻ അബിൻ അഗസ്റ്റിൻ അറയ്ക്കൽ | 27.06.2023 | 11.11.2023 |
| 2. | ജോൺ ജോസഫ് ഫ്രാൻസിസ് അറയ്ക്കൽ | 06.09.2023 | 18.11.2023 |
| 3. | കിയാര പ്രവീൺ പാലാത്ര | 07.06.2023 | 13.08.2023 |
| 4. | ഇമ്മാനുവേല റോസ് ടോണി വടക്കേടം | 06.03.2020 | 16.06.2021 |
| 5. | ലിയാം ഹേൽ അലൻ പരുത്തിക്കളത്തിൽ | 10.08.2023 | 17.10.2023 |
| 6. | എയ്ഡൻ കെ. ജോസഫ് കുന്നത്ത് | 19.09.2023 | 09.11.2023 |
| 7. | നിതിൻ നിറ്റോ തറയിൽ | 16.12.2023 | 28.12.2023 |
| 8. | ഡെന്നീസ് ആന്റോ വർഗീസ് കൊടിയാട്ട് | 20.11.2023 | 15.12.2023 |
| 9. | അരുൺ രാജേഷ്, പരുവൻചേരി | 07.01.2023 | 17.01.2024 |


## സ്വർഗ്ഗീയ മണവറയിലെ നവകുസുമങ്ങൾ



| | | |
|---|---|---|
| 1. | പി.ജെ.വർഗ്ഗീസ് പനച്ചിങ്കൽ | 19.10.2023 |
| 2. | കെ.സി.ജോയ് ആലഞ്ചേരി | 19.10.2023 |
| 3. | കെ.എം.ജോസഫ് കൊച്ചുപറമ്പിൽ | 21.10.2023 |
| 4. | ആൻ മരിയ കാഞ്ഞിരത്തുംമൂട്ടിൽ | 29.10.2023 |
| 5. | ജോബിൻ ജോസഫ് പുത്തൻപുരയ്ക്കൽ | 06.11.2023 |
| 6. | ത്രേസ്യാമ്മ വർഗ്ഗീസ് കൊടിയാട്ട് | 09.12.2023 |
| 7. | ബേബി സേവ്യർ നെടുംപറമ്പിൽ | 26.12.2023 |
| 8. | ത്രേസ്യാമ്മ തോമസ് ചിറ്റേട്ട് | 11.01.2024 |

www.malankaralibrary.com

ഫാദർ ജെൻസൺ ലാസലെറ്റ്



# "എടാ റാഫേലേ നീ എവിടേക്കാ പോണേ"

സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പായി നിയമിതനായ മാർ റാഫേൽ തട്ടിൽ പിതാവിനെക്കുറിച്ച് സമൂഹമാധ്യമങ്ങളിൽ ഈ യിടെ വന്ന വൈറലായ ഒരനുഭവം.

മുഷിഞ്ഞ വസ്ത്രം ധരിച്ച്, മനസ്സിലാകാത്ത ഭാഷയിൽ എന്തൊക്കെയോ വിളിച്ചു പറഞ്ഞ് തൃശൂർ മാർക്കറ്റിലൂടെ നടക്കുന്ന ഒരു വ്യക്തിയുണ്ടായിരുന്നു.

പലരും അദ്ദേഹത്തെ അവഗണിച്ചു.

ചിലർ ഭ്രാന്തനെന്ന് വിളിച്ചു.

മറ്റുചിലർ അദ്ദേഹത്തിന് തലയ്ക്ക് സ്ഥിരതയില്ലെന്നു പറഞ്ഞ് ചപ്പുചവറുകൾ വലിച്ചെറിഞ്ഞു.

റാഫേൽ തട്ടിൽ പിതാവ് ഒരിക്കൽ അരമനയിൽ നിന്ന് പള്ളിയിലേക്ക് നടന്നു പോവുകയായിരുന്നു.

മാർക്കറ്റിലൂടെ നടന്നു പോകുന്ന തൃശൂരിന്റെ അന്നത്തെ സഹായ മെത്രാനെ കണ്ടവരെല്ലാം അദ്ദേഹത്തെ ബഹുമാനിച്ചു. അപ്പോഴാണ് മുകളിൽ സൂചിപ്പിച്ച വ്യക്തി ഏവരെയും ഞെട്ടിച്ചുകൊണ്ട് ഇങ്ങനെ വിളിച്ചത്:

''ടാ റാഫേലേ.... നീയെവിടേക്കാ പോണേ...''

അങ്ങനെയൊരു വിളി കേട്ടയുടൻ പിതാവ് തിരിഞ്ഞു നോക്കി.

പിതാവ് എങ്ങനെ പ്രതികരിക്കുമെന്ന് നിരീക്ഷിച്ചുകൊണ്ടിരുന്നവരെ സാക്ഷി നിർത്തി, പിതാവ് ചിരിയോടെ പ്രതികരിച്ചു.

'ടാ ഡേവീസേ.....' എന്ന് വിളിച്ച് നിറപുഞ്ചിരിയോടെ അടുത്തെത്തി ആ മുഷിഞ്ഞ വസ്ത്രധാരിയെ കെട്ടിപിടിച്ചു.

''എത്ര നാളായ്ടാ കണ്ടിട്ട്. നമ്മളൊരുമിച്ച് പഠിച്ച കാലഘട്ടം എത്ര മനോഹരമായിരുന്നു. നിനക്ക് സുഖമാണോ ....''

''സുഖമാണ്. നന്നായ് പോകുന്നു. എന്റെ ജീവിതം മാർക്കറ്റിലാണെന്ന് നിനക്കറിയാലോ?''

''നിനക്ക് വേണമെങ്കിൽ നമ്മുടെ കൂടെ പഠിച്ച ജോയിയെ പോയി കണ്ടൂടെ. അവൻ നിനക്ക് വേണ്ടതെല്ലാം തരില്ലേ?''

''അതൊന്നും വേണ്ട റാഫേലേ...''

ഈ ജീവിതത്തിൽ എനിക്ക് സന്തോഷമേയുള്ളൂ.

കൂടെ പഠിച്ചവരെല്ലാം നല്ല നിലയിലെത്തിയില്ലേ?

ജോയ് ആലൂക്കാസ്, നീ.... അങ്ങനെയങ്ങനെ എല്ലാവരും നന്നായ്, സമൂഹത്തിൽ ജീവിക്കുന്നത് കാണുമ്പോൾ സന്തോഷം!'

അല്പനേരം കൂടി അദ്ദേഹവുമായ് സംസാരിച്ച്, അനുഗ്രഹ ചുംബനം നൽകി പിതാവ് നടന്നു നീങ്ങി.

കണ്ടു നിന്നവർ നിറകണ്ണുകളോടെ ദൈവത്തെ മഹത്വപ്പെടുത്തി.

നമ്മൾ നിസാരരെന്നു കരുതുന്ന വ്യക്തികളിലും ദൈവത്തെ കണ്ടുമുട്ടാൻ കഴിയുന്നത് ആത്മാവിനാൽ നിറയുന്നതിന്റെ അടയാളമാണ്. നമ്മോടൊപ്പം പഠിച്ചവരും ജീവിച്ചവരുമെല്ലാം ഇന്ന് പല സ്ഥലങ്ങളിലാകാം. ചിലർ സമൂഹത്തിൽ ഉന്നതസ്ഥാനീയർ.

മറ്റു ചിലർ ഇടത്തരം ജീവിതം നയിക്കുന്നവർ. വേറെ ചിലർ ജീവിതത്തിന്റെ രണ്ടറ്റം മുട്ടിക്കാൻ കഷ്ടപ്പെടുന്നവർ.

എല്ലാവരെയും ചേർത്തു നിർത്താനും അവരിലുള്ള ദൈവീകത ദർശിക്കാനും കഴിയുക എന്നത് ആത്മീയതയുടെ ലക്ഷണമാണ്. ദൈവം കൂടെയുള്ളവർക്ക് മാത്രമേ അതിന് കഴിയൂ. ക്രിസ്തുവിന്റെ ജീവിതം അതിന് സാക്ഷ്യമാണ്. അതുകൊണ്ടാണ് ''എന്നെ അയച്ചവൻ എന്റെ കൂടെയുണ്ട്. അവിടുന്ന് എന്നെ തനിയെ വിട്ടിരിക്കുകയല്ല'' (യോഹന്നാൻ 8 : 28 -29) എന്ന് ക്രിസ്തു പറഞ്ഞതും.

പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ ഭേദമില്ലാതെ ഏവരിലും ദൈവത്തെ കാണാനും ദൈവം കൂടെയുണ്ടെന്ന ബോധ്യത്തോടെ ജീവിതയാത്ര തുടരാനും നമുക്ക് സാധ്യമാകട്ടെ.

www.malankaralibrary.com



# നവോത്ഥാനത്തിന് തിരി തെളിച്ചത് ചാവറയച്ചൻ

**ഡോ. സെബിൻ എസ്. കൊട്ടാരം**
*(ദേശീയ പുരസ്കാര ജേതാവായ എഴുത്തുകാരനും രാജ്യാന്തര പ്രഭാഷകനും)*



കേരളത്തിൽ ജാതിവിവേചനം കൊടികുത്തിവാണ 1800 കാലഘട്ടം. താഴ്ന്ന ജാതികളിൽപ്പെട്ടവർ എല്ലാ അവഗണനയും ദുരിതവും അനുഭവിച്ചിരുന്ന കാലം. തിരുവിതാംകൂർ രാജ്യത്ത് ഉൾപ്പെടെ താഴ്ന്ന ജാതിയിൽപ്പെട്ട സ്ത്രീകൾക്ക് മാറു മറയ്ക്കാൻ പോലും അവകാശമില്ലായിരുന്നു. സ്വന്തം അഭിമാനം സംരക്ഷിക്കാൻ മാറുമറയ്ക്കണമെങ്കിൽ ഭീമമായ തുക മുലക്കരമായി നൽകേണ്ടതുണ്ടായിരുന്നു.

www.malankaralibrary.com


താഴ്ന്ന ജാതിയിലെ സ്ത്രീകൾക്ക് മുട്ടിനുമുകളിൽ മുണ്ടുടുക്കാനേ അവകാശമുണ്ടായിരുന്നുള്ളൂ. ഒപ്പം, വിദ്യാഭ്യാസവും നിഷേധിക്കപ്പെട്ടിരുന്നു. എല്ലാ ജോലികളും ചെയ്യാനും അവകാശമുണ്ടായിരുന്നില്ല. വിദ്യാഭ്യാസവും സാഹചര്യവും ഇല്ലാത്തതിനാൽ സമൂഹത്തിലെ വലിയൊരു വിഭാഗം ദാരിദ്ര്യത്തിൽ നിന്ന് ദാരിദ്ര്യത്തിലേക്ക് വീണുകൊണ്ടിരുന്നു.

മാർത്താണ്ഡവർമ്മ ഉൾപ്പെടെ തിരുവിതാംകൂർ രാജാക്കന്മാർ പലരും മാടമ്പിമാരുടെയും മറ്റും വാക്കുകൾക്ക് വില കല്പിച്ചിരുന്നതിനാൽ അനാചാരങ്ങളും അയിത്തവുമെല്ലാം തുടർന്നുപോന്നു. ഈ കാലഘട്ടത്തിലാണ് വിദ്യാഭ്യാസത്തിലൂടെയേ സമൂഹത്തിന്റെ ഉന്നമനം സാധ്യമാകൂ എന്ന് തിരിച്ചറിഞ്ഞ ഒരു ക്രൈസ്തവ പുരോഹിതനാണ് എല്ലാ മതവിഭാഗങ്ങളിൽപ്പെട്ടവർക്കും വിദ്യാഭ്യാസം ലഭ്യമാകുന്നതിനായി എല്ലാ പള്ളികളോടുമൊപ്പം പള്ളിക്കൂടങ്ങൾ (സ്കൂളുകൾ) തുടങ്ങാൻ നിർദ്ദേശിച്ചത്. സുറിയാനി സഭയുടെ അന്നത്തെ വികാരി ജനറാളാണ് വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ.

മലയാളത്തിലും സുറിയാനിയിലും തമിഴിലും സംസ്കൃതത്തിലും അറിവുണ്ടായിരുന്ന അദ്ദേഹം വരേണ്യവർഗത്തിനു മാത്രം ലഭ്യമായിരുന്ന സംസ്കൃത വിദ്യാഭ്യാസം എല്ലാ മതവിഭാഗങ്ങളിലുംപെട്ട, താഴ്ന്ന വിഭാഗങ്ങളിൽപ്പെട്ടവർക്കുൾപ്പെടെ ലഭ്യമാക്കാൻ പാഠശാലകൾ ആരംഭിച്ചു. അറിവ് എല്ലാവർക്കും ലഭ്യമാകണമെങ്കിൽ അതിന് പുസ്തകങ്ങൾ ആവശ്യമാണ്. അവ അച്ചടിക്കണമെങ്കിൽ അച്ചടിയന്ത്രവും വേണം. അന്നാകെ അച്ചടയന്ത്രമുള്ളത് കോട്ടയത്ത് സി.എം.എസ്. പ്രസിലും തിരുവനന്തപുരത്തെ സർക്കാർ പ്രസിലുമാണ്. അച്ചടിയന്ത്രത്തിന്റെ പ്രവർത്തനം മനസിലാക്കാനായി സി.എം.എസ്. പ്രസിലെത്തിയെങ്കിലും പ്രസ് കാണിക്കാൻ പോലും അധികാരികൾ തയ്യാറായില്ല. തുടർന്ന് നിരാശനാവാതെ തിരുവനന്തപുരത്തെത്തിയ ചാവറയച്ചന് സസന്തോഷം അവിടുത്തെ അധികാരികൾ പ്രസ് കാണിച്ചുകൊടുത്തു പ്രവർത്തനം വിശദീകരിച്ചു.  പരിശുദ്ധാത്മാവിന്റെ പ്രത്യേകതമായ അഭിഷേകം ഉണ്ടായിരുന്ന ചാവറയച്ചൻ പ്രസിന്റെ രൂപകല്പനയും പ്രവർത്തനങ്ങളും മനസിൽ കുറിച്ചു.

തിരിച്ച് മാന്നാനത്തെത്തി വാഴപ്പിണ്ടി കൊണ്ട് പ്രസിന്റെ മോഡൽ നിർമ്മിച്ചു. അന്നത്തെക്കാലത്ത് ഓരോ അക്ഷരങ്ങളും കല്ലച്ചിലായിരുന്നു രൂപപ്പെടുത്തിയിരുന്നത്. സഹായത്തിനായി തിരുവനന്തപുരം പ്രസിലെ

www.malankaralibrary.com





കത്തോലിക്കനായ ഒരു ജീവനക്കാരനുണ്ടായിരുന്നു, ഒടുവിൽ സ്വയം പ്രസ് നിർമ്മിച്ചു.

അടുത്ത പ്രശ്നം മഷിയായിരുന്നു. അക്കാലത്ത് പ്രസിൽ ഉപയോഗിക്കാനുള്ള മഷി വിദേശത്തുനിന്ന് ഇറക്കുമതി ചെയ്യണമായിരുന്നു. പലരുടെയും സഹായത്തോടെ അതും സാധ്യമായി. ഏതൊരു കാര്യവും ദൈവം നടത്തിത്തരും എന്ന ഉത്തമബോധ്യത്തോടെയായിരുന്നു ചാവറയച്ചൻ അതിനായി മുന്നിട്ടിറങ്ങിയിരുന്നത്. പലപ്പോഴും ശൂന്യതയിൽ നിന്നായിരിക്കും പല അത്ഭുതങ്ങളും സംഭവിക്കുക.

മഷിയെല്ലാം ആയി പ്രസും റെഡിയായപ്പോൾ അടുത്ത തടസ്സം. അന്ന് പ്രസ് നടത്താൻ സർക്കാരിന്റെ അനുമതി ആവശ്യമായിരുന്നു. ഒടുവിൽ അതിനു വേണ്ടിയും ചാവറയച്ചൻ മുന്നിട്ടിറങ്ങി, തിരുവിതാംകൂർ രാജാവിന്റെ അനുമതിയും ലഭ്യമാക്കി. തമിഴ്, ലത്തീൻ സുറിയാനി ഭാഷകളിലെ ഒട്ടേറെ പ്രാർത്ഥനകൾ ഉൾപ്പെടെ മലയാളത്തിലേക്ക് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചു.

റോക്കോസ് ശീശ്മയ്ക്കെതിരെ ശക്തമായി വിശ്വാസികൾക്കിടയിൽ ബോധവൽക്കരണം നടത്താനും പ്രിന്റ് ചെയ്ത ചാവറയച്ചന്റെ കുറിപ്പുകൾക്കായി. വലിയൊരു വിഭാഗം റോക്കോസ് മെത്രാനെ അനുകൂലിച്ചപ്പോൾ, മാർപാപ്പയുടെ അനുമതിയില്ലാതെയാണ് റോക്കോസ് മെത്രാൻ വന്നിരിക്കുന്നതെന്ന യാഥാർത്ഥ്യം വിശ്വാസികളെയും വൈദികരെയും അറിയിക്കാനും സഭയെ വലിയൊരു പ്രതിസന്ധിയിൽ നിന്ന് രക്ഷിക്കാനും ഇതുവഴി ചാവറയച്ചന് കഴിഞ്ഞു.

അക്കാലത്ത് മാന്നാനത്ത് കൊവേന്തയും വൈദിക സെമിനാരിയും സ്ഥാപിച്ചുകൊണ്ട് അനേകം വൈദികർക്ക് വിശ്വാസ പരിശീലനം നൽകാനും ചാവറയച്ചനായി. പോരൂക്കര തോമസച്ചനും പാലയ്ക്കൽ തോമാ മൽപാനും കണിയാന്തറ യാക്കോബും ഇക്കാര്യത്തിൽ ചാവറയച്ചന് ഒപ്പമുണ്ടായിരുന്നു.

സി.എം.ഐ. സഭയുടെയും കേരള കർമ്മല സന്യാസിനീ സഭയുടെയും സ്ഥാപകനായ ചാവറയച്ചൻ സന്യാസ പരിശീലന രംഗത്ത് ആത്മീ

**ഏതൊരു കാര്യവും ദൈവം നടത്തിത്തരും എന്ന ഉത്തമബോധ്യത്തോടെയായിരുന്നു ചാവറയച്ചൻ അതിനായി മുന്നിട്ടിറങ്ങിയിരുന്നത്. പലപ്പോഴും ശൂന്യതയിൽ നിന്നായിരിക്കും പല അത്ഭുതങ്ങളും സംഭവിക്കുക.**

www.malankaralibrary.com


യതയും അറിവും സംയോജിപ്പിച്ച് പുതിയൊരു ക്രമം തന്നെ കൊണ്ടുവന്നു. കേരളത്തിലെ ആദ്യത്തെ പത്രമായ 'ദീപിക'യുടെ തുടക്കവും ചാവറയച്ചന്റെ പ്രവർത്തനങ്ങളുടെ തുടർച്ചയാണ്. 'നസ്രാണി ദീപിക' യെന്ന പേര് പിന്നീട് ദീപികയെന്നാക്കി മാറ്റി.

ഈശോയുടെ ജനനം മുതൽ മരണാനന്തര സംഭവങ്ങൾ വരെ വിവരിക്കുന്ന 'ആത്മാനുതാപം', ക്രൈസ്തവവിശ്വാസത്തെ പ്രതിജീവൻ വെടിഞ്ഞ പെൺകുട്ടിയുടെ ജീവിതകഥ പറയുന്ന 'അനതാസ്യയുടെ രക്തസാക്ഷിത്വം' ഓരോ കുടുംബത്തിനുമായുള്ള ചിന്തകൾ പങ്കുവയ്ക്കുന്ന 'നല്ല അപ്പന്റെ ചാവരുൾ', വൈദികർക്കായുള്ള ധ്യാനക്കുറിപ്പുകൾ, ദൈവകൃപയുടെ ദർശനങ്ങൾ പകർത്തിയ 'ധ്യാനസല്ലാപങ്ങൾ' കേരള കത്തോലിക്ക സഭയുടെ ചരിത്രമായ 'നാളാഗമങ്ങൾ' തുടങ്ങി നിരവധി പുസ്തകങ്ങളിലൂടെയും ധ്യാനപ്രസംഗങ്ങളിലൂടെയും കത്തുകളിലൂടെയും സഭയിലും സമൂഹത്തിലും നവോത്ഥാനത്തിന് തുടക്കം കുറിച്ച വിശുദ്ധനും സമൂഹിക പരിഷ്കർത്താവുമാണ് വി. ചാവറയച്ചൻ. നവോത്ഥാന നായകരായി ഗണിക്കപ്പെടുന്ന ചട്ടമ്പി സ്വാമികൾ നായർ സമുദായത്തിനു വേണ്ടിയും ശ്രീനാരായണ ഗുരു ഈഴവ സമുദായത്തിനു വേണ്ടിയുമാണ് പ്രധാനമായും പ്രവർത്തിച്ചതെങ്കിൽ എല്ലാ മത വിഭാഗങ്ങൾക്കും വേണ്ടി ഇവർക്കു മുന്നേ പ്രവർത്തിച്ച് കേരള നവോത്ഥാനത്തിന് തുടക്കമിട്ട വ്യക്തിത്വമാണ് ചാവറയച്ചൻ. പക്ഷേ, ഒരു ക്രൈസ്തവ പുരോഹിതനായിരുന്നതിനാൽ, ചരിത്രത്തിൽ സർക്കാരുൾപ്പെടെ വേണ്ട സ്ഥാനം ചാവറയച്ചന് നൽകാതെ പോയി.

വിശക്കുന്ന വയറിന് വിദ്യകൊടുത്തിട്ട് കാര്യമില്ല. അതുകൊണ്ടുതന്നെ നിർധനരായവരുടെ പട്ടിണിയകറ്റാൻ പിടിയരിയെന്ന വലിയ ദൗത്യത്തിന് തുടക്കമിട്ടതും ചാവറയച്ചനാണ്. ഓരോ വീടുകളിലും അരിയിടുമ്പോൾ ഒരു പിടി അരി മാറ്റിവയ്ക്കാൻ ചാവറയച്ചൻ ആഹ്വാനം ചെയ്തു. ഇങ്ങനെ മാറ്റിവയ്ക്കുന്ന അരി മാന്നാനം കൊവേന്തയിൽ കൊണ്ടുവന്ന് ഒരു വീപ്പയിൽ ഇടുമായിരുന്നു. ഇങ്ങനെ ശേഖരിക്കുന്ന അരി കഞ്ഞിവെയ്ക്കാൻ നിവൃത്തിയില്ലാത്തവർക്ക് ജാതിമത ഭേദമന്യേ

**നിരവധി പുസ്തകങ്ങളിലൂടെയും ധ്യാനപ്രസംഗങ്ങളിലൂടെയും കത്തുകളിലൂടെയും സഭയിലും സമൂഹത്തിലും നവോത്ഥാനത്തിന് തുടക്കം കുറിച്ച വിശുദ്ധനും സമൂഹിക പരിഷ്കർത്താവുമാണ് വി. ചാവറയച്ചൻ.**

www.malankaralibrary.com


ചാവറയച്ചൻ നൽകുമായിരുന്നു. ഒരുകാലത്ത് കേരളത്തിൽ അനേകം കുടുംബങ്ങളുടെ പട്ടിണിയകറ്റിയത് ഈ പിടിയരിയായിരുന്നു. കേരളത്തിൽ ആദ്യമായി പാവപ്പെട്ട കുട്ടികൾക്ക് പുസ്തകങ്ങളും വസ്ത്രവും ഉച്ചക്കഞ്ഞിയും സൗജന്യമായി നൽകുന്നതിന് തുടക്കമിട്ടതും സർക്കാരല്ല, മറിച്ച് ചാവറപ്പിതാവാണ്.

വിശുദ്ധ ജീവിതം നയിക്കുമ്പോഴും അതിനായി പ്രവർത്തിക്കുമ്പോഴും ഒട്ടേറെ എതിർപ്പുകളും തെറ്റിദ്ധാരണകളും ചാവറപ്പിതാവിന് നേരിടേണ്ടിവന്നിട്ടുണ്ട്. അപ്പോഴെല്ലാം ആരോടും പരിഭവമില്ലാതെ, അവയെല്ലാം ദൈവതിരുമുമ്പിൽ സമർപ്പിക്കുമായിരുന്നു.

ഏതൊരവസ്ഥയിലും ദൈവാശ്രയത്വമായിരുന്നു ചാവറയച്ചന്റെ കരുത്ത്. അതു പകർന്നു നൽകിയതാവട്ടെ മാതാപിതാക്കളും. അമ്മയുടെ ജീവിതം ബാല്യത്തിൽ കൊച്ചു കുര്യാക്കോസിനെ ഏറെ സ്വാധീനിച്ചിരുന്നു രാത്രികാലങ്ങളിൽ മുട്ടിന്മേൽ നിന്നു പ്രാർത്ഥിക്കുന്ന അമ്മയെ കുര്യാക്കോസ് കണ്ടുപഠിച്ചു.

ബുദ്ധിയെ പ്രകാശിപ്പിക്കുവാൻ പരിശുദ്ധാത്മാവിനോട് പ്രാർത്ഥിക്കാൻ അമ്മ കുര്യാക്കോസിനോട് പറയുമായിരുന്നു. ഒരിക്കൽ സഹപാഠികൾ തല്ലുണ്ടാക്കിയപ്പോൾ തടയാൻ ചെന്നതിന് അവർ കുര്യാക്കോസിനെ തല്ലി.

വൈകിട്ട്, വിഷമിച്ച കുര്യാക്കോസിന്റെ മുഖഭാവം കണ്ട് ചോദിച്ച അമ്മയോട് കുര്യാക്കോസ് കാര്യം പറഞ്ഞു: ''നല്ലയാളുകളും മോശമാളുകളും എല്ലായിടത്തുമുണ്ടാകും. അവരുടെയിടയിൽ നമ്മൾ നല്ല മാതൃകകളായിരിക്കണമെന്ന'' അമ്മയുടെ വാക്കുകൾ പിന്നീടുടനീളം കുര്യാക്കോസ് ജീവിതത്തിൽ പാലിച്ചു.

'കുര്യാക്കോസ്' എന്ന സുറിയാനി വാക്കിന്റെ അർത്ഥം 'ഞാൻ കർത്താവിന്റേതാണ്' എന്നാണ്.

ജീവിതത്തിൽ സന്തോഷവും ദുഃഖവുമുണ്ടാകുമ്പോൾ നാം ദൈവത്തെ ഓർക്കണമെന്നും ഞാൻ എന്റെ കർത്താവിന്റേതാണെന്ന് മനസിൽ പറയണമെന്നും അമ്മ കുര്യാക്കോസിനെ ഉപദേശിക്കുമായിരുന്നു.

പഠിക്കാൻ വളരെ മിടുക്കനായിരുന്നു കൊച്ചുകുര്യാക്കോസ്. 'പഠിപ്പിക്കുന്നതൊന്നും മനസിലാവുന്നില്ല ഞാൻ പഠിത്തം നിർത്തുകയാണെന്ന്' പറഞ്ഞ കൂട്ടുകാരനോട് പരിശുദ്ധാത്മിവിനോട് പ്രാർത്ഥിച്ചാൽ മതി എല്ലാ മനസിലാവുമെന്നും താനും അങ്ങനെയാണ് പഠിക്കുന്നതെന്നും കൊച്ചുകുര്യാക്കോസ് ഒരിക്കൽ പറഞ്ഞു.

www.malankaralibrary.com


പള്ളിയിൽ പോകാനുമെല്ലാം കൊച്ചു കുര്യാക്കോസിന് വലിയ ഉത്സാഹമായിരുന്നു. പത്താം വയസുമുതൽ തന്നെ ഇടവക ദേവാലയത്തിൽ താമസിച്ച് വൈദിക പഠനത്തിന് കൊച്ചുകുര്യാക്കോസ് തുടക്കമിട്ടു. അന്നത്തെക്കാലത്ത് ഇടവകപ്പള്ളികളോട് ചേർന്നായിരുന്നു വൈദികാർത്ഥികളെ പരിശീലിപ്പിച്ചിരുന്നത്. തുടർന്ന് സെമിനാരിയിൽ ചേർന്ന് അധികം വൈകാതെ കൈനകരിഗ്രാമത്തിലെമ്പാടുമുണ്ടായ പകർച്ചവ്യാധിയയിൽ കുര്യാക്കോസിന് മാതാപിതാക്കളെയും ഏക സഹോദരനെയും നഷ്ടപ്പെട്ടു.

ചെറുപ്പത്തിൽ വെച്ചൂർ പള്ളിയിൽ മാതാവിന് അടിമവച്ചതാണ് കുര്യാക്കോസിനെ. മാതാപിതാക്കളുടെയും സഹോദരന്റെയും മരണശേഷം പരിശുദ്ധ അമ്മയെ പൂർണമായും തന്റെ അമ്മയായി കുര്യാക്കോസ് കണ്ടു.

മാമോദീസയിൽ തനിക്കു ലഭിച്ച വരപ്രസാദം നഷ്ടപ്പാടാതെ തിരുക്കുടുംബം തന്നെ കാത്തതായി മരണക്കിടക്കയിൽ വച്ച് ചാവറയച്ചൻ ചുറ്റുമുണ്ടായിരുന്നവരോടായി പറഞ്ഞു. 1871 ജനുവരി മൂന്നിന് ചാവറപ്പിതാവ് നിത്യസമ്മാനത്തിനായി യാത്രയായി.

**വി. കുര്യാക്കോസ് ഏലിയാസ് ചാവറ**

- വിദ്യാഭ്യാസം സർവ്വസാധാരണമല്ലാതിരുന്ന കാലത്ത് സാധാരണക്കാർക്ക് വിദ്യ പകർന്നു നൽകി.
- ‘‘മാതാപിതാക്കൾക്ക് ദൈവം സൃഷ്ടിച്ചു തരുന്ന നിക്ഷേപങ്ങളാണ് മക്കൾ. അതനുസരിച്ചു വേണം മക്കളെ വളർത്താൻ’’ - ചാവറയച്ചൻ
- പള്ളിയോട് ചേർന്ന് പള്ളിക്കൂടങ്ങളും തുടങ്ങാൻ പ്രേരകശക്തി.
- ജനനം : 1805, ഫെബ്രുവരി 10
  മരണം : 1871, ജനുവരി 3
- 2014 നവംബർ 23 ന് വിശുദ്ധ പദവിയിലേക്കുയർത്തപ്പെട്ടു.
- 19-ാം നൂറ്റാണ്ടിൽ ജീവിച്ച പുണ്യപുരുഷൻ.
- കുട്ടനാട്ടിലെ കൈനകരി ഗ്രാമത്തിൽ ചാവറ കുടുംബത്തിലെ കുര്യാക്കോസ് - മറിയ ദമ്പതികളുടെ മകനായി 1805 ഫെബ്രുവരി 10 ന് ജനിച്ചു. എട്ടാം ദിവസം മാമ്മോദീസാ നൽകി. മാതാപിതാക്കൾ ചെറുപ്രായത്തിൽ തന്നെ സെപ്റ്റംബർ എട്ടിന് വെച്ചൂർ പള്ളിയിൽ കൊണ്ടുപോയി മാതാവിന് അടിമവച്ചു.

www.malankaralibrary.com





## പരിശുദ്ധ കന്യകാമറിയത്തിന്റെയും
## വിശുദ്ധ സെബസ്ത്യാനോസിന്റെയും

# തിരുനാൾ

ഈശോയിൽ സ്നേഹമുള്ളവരെ,

'ഇതാ കർത്താവിന്റെ ദാസി, നിന്റെ ഇഷ്ടംപോലെ എന്നിൽ സംഭവിക്കട്ടെ' (ലൂക്കാ 1.30) എന്ന് പറഞ്ഞുകൊണ്ട് ദൈവ തിരുമനസിന് പൂർണ്ണമായി സമർപ്പിച്ച നമ്മുടെ ഇടവകമധ്യസ്ഥയായ പരിശുദ്ധകന്യകാമറിയത്തിന്റെയും ധീരരക്തസാക്ഷിയായ വിശുദ്ധ സെബസ്ത്യാനോസിനെയും തിരുനാളുകൾ സംയുക്തമായി 2024 ജനുവരി 26 മുതൽ ഫെബ്രുവരി 4 വരെ നമ്മുടെ ഇടവകയിൽ ആചരിക്കുകയാണ്. പരിശുദ്ധ അമ്മയുടെയും വിശുദ്ധ സെബസ്ത്യാനോസിന്റെയും മാധ്യസ്ഥവും സംരക്ഷണവും തേടി നമുക്കും ഈ തിരുനാളിന്റെ ഭാഗമാകാം. തിരുനാൾ തിരുകർമ്മങ്ങളിലേക്ക് ഏവരെയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

നിങ്ങളുടെ വികാരി
**വരിക്കപ്പള്ളി ജോസച്ചൻ**

**ഫാ. ബിജോ ഇരുപ്പക്കാട്ട്**
(അസിസ്റ്റന്റ് വികാരി)

**എബ്രഹാം തോമസ് കിഴക്കേതെയ്യിൽ**
**Cmdr. അനിൽ ജോസ് ജോസഫ് നേര്യംപറമ്പിൽ**
**വർഗീസ് കെ. ജെ. കുന്നത്ത്**
(കൈക്കാരന്മാർ)

**സോണി പാലാത്ര**
(ജനറൽ കൺവീനർ)

www.malankaralibrary.com

**ജനുവരി 26 വെള്ളി**

5.40 am : സപ്ര, വി. കുർബാന, നൊവേന
7.10 am : വി. കുർബാന

**ജനുവരി 27 ശനി**

5.40 am : സപ്ര, വി. കുർബാന, നൊവേന
7.10 am : വി. കുർബാന

**ജനുവരി 28 ഞായർ**

5.40 am : സപ്ര, വി. കുർബാന, നൊവേന
7.45 am : വി. കുർബാന
9.30 am : വി. കുർബാന, സൺഡേ സ്കൂൾ
5.00 pm : വി. കുർബാന

**ജനുവരി 29 തിങ്കൾ**

5.40 am : സപ്ര, നൊവേന, വി. കുർബാന, കൊടിയേറ്റ്, 1,8 വാർഡുകളിലേക്ക് കഴുന്നെടുപ്പ്
7.15 am : വി. കുർബാന

**ജനുവരി 30 ചൊവ്വ**

5.40 am : സപ്ര, നൊവേന, വി. കുർബാന 2,3 വാർഡുകളിലേക്ക് കഴുന്നെടുപ്പ്

**ജനുവരി 31 ബുധൻ**

5.40 am : സപ്ര, നൊവേന, വി. കുർബാന
7.10 am : വി. കുർബാന 4,6 വാർഡുകളിലേക്ക് കഴുന്നെടുപ്പ്

**ഫെബ്രുവരി 1 വ്യാഴം**

5.40 am : സപ്ര, നൊവേന, വി. കുർബാന
7.10 am : വി. കുർബാന 5,7 വാർഡുകളിലേക്ക് കഴുന്നെടുപ്പ്

**ഫെബ്രുവരി 2 വെള്ളി**

5.40 am : സപ്ര, വി. കുർബാന, നൊവേന
7.10 am : വി. കുർബാന
6.00 pm : പ്രദക്ഷിണം വാർഡുകളിലേക്ക് (1,3,4,5)

www.malankaralibrary.com

## ഫെബ്രുവരി 3 ശനി

5.40 am : സപ്ര, വി. കുർബാന, നൊവേന
7.10 am : വി. കുർബാന
6.00 pm : പ്രദക്ഷിണം വാർഡുകളിലേക്ക് (2,6,7,8)

## ഫെബ്രുവരി 4 ഞായർ


## പ്രധാന തിരുനാൾ ദിനം

5.40 am : സപ്ര, വി. കുർബാന
9.00 am : വി. കുർബാന, സൺഡേ സ്കൂൾ പരീക്ഷ (1–7 ക്ലാസുകൾക്ക്)
1.30 pm : സൺഡേ സ്കൂൾ പരീക്ഷ (8–12 ക്ലാസുകൾക്ക്)
4.30 pm : ജപമാല, ആഘോഷമായ വി. കുർബാന,
വചന സന്ദേശം : റവ. ഫാ. ജോസഫ് നരിത്തുരുത്തേൽ
ലദീഞ്ഞ്, പ്രദക്ഷിണം
റവ. ഫാ. സെബാസ്റ്റ്യൻ കളത്തിപ്പറമ്പിൽ

### പ്രസുദേന്തിമാർ

അയാൻ സജോ പെല്ലിശ്ശേരി, മിയാമി, യു.എസ്.എ.
റോഷൻ സ്കറിയ പെല്ലിശ്ശേരി, മിയാമി, യു.എസ്.എ.
റോയ് സ്കറിയ അരയശ്ശേരി, തുരുത്തി
ആന്റണി ജോസഫ് വലിയപറമ്പിൽ, വെരൂർ
ജുബൽ സെബാസ്റ്റ്യൻ ജോഫി, നെടുംപറമ്പിൽ
Cmdr അനിൽ ജോസഫ് നേര്യംപറമ്പിൽ
സാബു കെ. ജോസഫ് കുന്നത്ത്
മേരിക്കുട്ടി ജോസഫ് പറപ്പള്ളി
ഡോ. ജോബ് കുര്യൻ നേര്യംപറമ്പിൽ
സെന്റ് അൽഫോൻസാ കെ.എൽ.എം., തുരുത്തി
റാഹേൽ മേരി കോയിപ്പള്ളി
ദേവസ്യ തോമസ് (വാവച്ചൻ) കളത്തിപ്പറമ്പിൽ
സെബാസ്റ്റ്യൻ ജെ.ജെ. നെടുംപറമ്പിൽ
ജോഷ് & ജിയോൺ കുന്നേൽ
ചാക്കോച്ചൻ & ഫാമിലി മൈലന്തറ
സുജ ഡെൽസൺ കണ്ടത്തിൽപറമ്പിൽ
മിനി സി. ജോയി അമ്പലത്തിങ്കൽ
ടെസ്സിക്കുട്ടി കിഴക്കേതയ്യിൽ & ഫാമിലി
ജോണി ജോസഫ് & ഫാമിലി നേര്യംപറമ്പിൽ
ഫിലിപ്പ് അഗസ്റ്റിൻ പനച്ചിങ്കൽ
എൽസമ്മ സെബാസ്റ്റ്യൻ വടക്കേക്കുറ്റിക്കൽ

www.malankaralibrary.com




പൗരോഹിത്യ സ്വീകരണത്തിന്റെ
സിൽവർ ജൂബിലി
ആഘോഷിക്കുന്ന
തോമസ് മംഗലത്ത് അച്ചന്
ഇടവക കുടുംബത്തിന്റെ
ആശംസകൾ....



www.malankaralibrary.com

# സ്നേഹസ്മരണയ്ക്ക്

42-ാം ചരമവാർഷികം 25-ാം ചരമവാർഷികം



**മറിയാമ്മ പോത്തൻ ഏബ്രഹാം പോത്തൻ**

**പുത്തൻകളം**
**തുരുത്തി**

''ജീവിച്ചിരുന്നപ്പോൾ ഞങ്ങൾ
നിങ്ങളെ സ്നേഹിച്ചു. ഞങ്ങൾ നിങ്ങളിൽ
നിന്നു വേർപിരിഞ്ഞു പോയാലും
ഞങ്ങളുടെ സ്നേഹം എന്നും
നിങ്ങളോടുകൂടി ഉണ്ടായിരിക്കും.
നിങ്ങളുടെ പ്രാർത്ഥനയിൽ ഞങ്ങളേയും
കൂടി സ്മരിക്കണമേ''

www.malankaralibrary.com

## 59th Wedding Anniversary
(22/2/2024)



## K.T. Varghese & Ponnamma Varghese
(Appachen & Ammachi)
**Kanjirathummoottil**
**Thuruthy**

Best compliments from,
**Children & Grandchildren**
**Raju & Joji, Sajan & Suni, Sajini & Boban, Nicy**
**Treesa, Merin, Josy, Jinu, Elizabeth, Treesa, Roslin, Norah, Jenny**

www.malankaralibrary.com



www.malankaralibrary.com

# സ്നേഹ സ്മരണയ്ക്ക്



## ഇട്ടി ഐപ്പ് ജോൺ
## (കൊച്ചു ജോൺകുട്ടി)
## നേര്യംപറമ്പിൽ, തുരുത്തി

ഞാൻ ഈ ഭൂമിയിലായിരുന്നപ്പോൾ നിങ്ങളെന്നെ സ്നേഹിച്ചു.
എന്റെ സ്നേഹം എന്നും നിങ്ങളോട് കൂടെ ഉണ്ടായിരിക്കും

www.malankaralibrary.com

പാവനസ്മരണയ്ക്ക്

18-ാം ചരമവാർഷികം



## കെ.സി.ചാക്കോ

കൊല്ലമന, തുരുത്തി

മരണം: 10.11.2005

## 25-ാം വിവാഹവാർഷികം

20.12.1998



## സജി ചാക്കോ & ജെസി സജി

കൊല്ലമന, തുരുത്തി

www.malankaralibrary.com

# പത്താം ചരമവാർഷികം



**തങ്കമ്മ ജോർജ്**

**കുന്നത്ത്**

**മരണം: 29/12/2013**



**കെ. ജെ. ജോർജ്**

**കുന്നത്ത്**

**മരണം: 10/03/2014**

www.malankaralibrary.com

# പാവന സ്മരണയ്ക്ക്

15-ാം ചരമ വാർഷികം



## എം. ജോസഫ്

കളത്തിപ്പറമ്പിൽ

തുരുത്തി

മരണം: 24.01.2009

www.malankaralibrary.com



www.malankaralibrary.com

# സ്നേഹസ്മരണയ്ക്ക്

1-ാം ചരമവാർഷികം

(21.12.2023)



## തോമസ് പി.വി. (കുട്ടപ്പൻ)

പടികാട്, ചമ്പക്കുളം

ജനനം : 05.05.1953 മരണം : 21.12.2022

www.malankaralibrary.com

# സ്നേഹ സ്മരണയ്ക്ക്

4-ാം ചരമവാർഷികം



## ജാൻസി രാജു

പുന്നത്തൂർ, തുരുത്തി

ജനനം : 14.04.1968 മരണം : 28.01.2020

എന്നെന്നും മറക്കാത്ത ഓർമ്മകളോടെ,

പ്രാർത്ഥനാപൂർവ്വം സന്തപ്ത കുടുംബാംഗങ്ങൾ

www.malankaralibrary.com




**DENNY SUNNY** & **NEETHUMOL K.S.**

Neriamparampil
Thuruthy

Kilimala
Kanam

www.malankaralibrary.com



നവ വൈദികൻ ഫാ. സെബാസ്റ്റ്യൻ കളത്തിപ്പറമ്പിലിന് (അശ്വിൻ) പ്രാർത്ഥനാശംസകൾ...



www.malankaralibrary.com

ഫാ. ജോസഫ് കൊല്ലാറ
പ്രഫസർ, മംഗലപ്പുഴ സെമിനാരി, ആലുവ

# കിഴക്കിന്റെ അസ്സീറിയൻ സഭയുടെ ഉത്ഭവം (ശൂറായി സഭ)

പറമ്പിൽ ചാണ്ടിമെത്രാനോടൊപ്പം അണിനിരന്ന കത്തോലിക്കാ വിഭാഗത്തിൽനിന്നാണ് ശൂറായി സഭയുടെ ഉത്ഭവം. പറമ്പിൽ ചാണ്ടിമെത്രാനു ശേഷം മാർത്തോമ്മാ നസ്രാണികളായ കത്തോലിക്കാവിഭാഗം ഇരട്ട അധികാരത്തിൻ കീഴിലായിരുന്നു: പോർട്ടുഗീസ് പദ്രോവാദോയും റോമൻ പ്രൊപ്പഗാന്തായും. 1838 ൽ പദ്രോവാദോ ഭരണം ഇന്ത്യയിൽ നിർത്തലാക്കിയപ്പോൾ കൊടുങ്ങല്ലൂർ അതിരൂപതയിൽപ്പെട്ട മാർത്തോമ്മാ നസ്രാണികൾ പ്രൊപ്പഗാന്ത ഭരണത്തിൻ കീഴിലായി. 1857ൽ ആന്റണി കുടക്കച്ചിറ, ആന്റണി തൊണ്ടനാട്ട് എന്നിവരുടെ നേതൃത്വത്തിൽ മാർത്തോമ്മാ നസ്രാണികളുടെ ഒരു സംഘം ഒരു കൽദായ മെത്രാനെ കൊണ്ടുവരുന്നതിനായി ബാഗ്ദാദിലേക്ക് യാത്രയായി. മാർ ജോസഫ് ഔദോ പാത്രിയാർക്കീസ് തോമസ് റോക്കോസ് എന്ന വൈദികനെ മെത്രാനായി വാഴിച്ച് 1861ൽ മലബാറിലേയ്ക്ക് അയച്ചു. റോക്കോസ് മെത്രാൻ അനധികൃതമായിട്ടാണ് വരുന്നതെന്ന് റോമിൽനിന്നും വരാപ്പുഴ വികാരി അപ്പസ്തോലിക്കായെ അറിയിച്ചു. 154 സുറിയാനി കത്തോലിക്കാ പള്ളികളിൽ 86 പള്ളികൾ പൂർണമായും 30 പള്ളികൾ ഭാഗികമായും റോക്കോസിനെ സ്വീകരിച്ചു. 1861ൽ ചാവറാ കുര്യാക്കോസ് ഏലിയാസച്ചൻ 9-ാം പിയൂസ് മാർപാപ്പായ്ക്കെഴുതുകയും മാർപാപ്പ സെപ്റ്റംബർ 5 ന് മറുപടി അയക്കുകയും ചെയ്തു. മാർപാപ്പയുടെ കത്തിൽ റോക്കോസിന്റെ നിയമനം അസാധുവാണെന്ന് എഴുതിയിരുന്നു. 1861 നവംബർ 30ന് റോക്കോസിനെ ബർണ്ണർദീനോസ് മെത്രാൻ

www.malankaralibrary.com


മഹറോൻ ചൊല്ലി 1862 ൽ ബാഗ്ദാദിലേക്ക് മടങ്ങി.

തങ്ങളുടെ റീത്തും ആരാധനക്രമ ഭാഷയും അറിയാവുന്ന തങ്ങളുടെ മാത്രമായുള്ള ഒരു മെത്രാനുവേണ്ടിയാണ് മാർത്തോമ്മാ ക്രിസ്ത്യാനികൾ എപ്പോഴും ദാഹിച്ചത്. കൊടുങ്ങല്ലൂരിലെ പദ്രോവാദോ അതിരൂപതയിലെ ശ്ലൈഹിക ശുശ്രൂഷയുടെ അഭാവവും പ്രൊപ്പഗാന്തായുടെ കർമ്മലീത്താ ഭരണത്തിലുള്ള അതൃപ്തിയും കാരണം പൗരസ്ത്യ ക്രിസ്ത്യാനികൾക്ക് സ്വന്തമായി ഒരു പ്രത്യേക മെത്രാൻ വേണമെന്ന ആഗ്രഹം വളരെ ഉത്കടമായിരുന്നു. ചില മാർത്തോമ്മാ ക്രിസ്ത്യാനികൾ, പ്രത്യേകിച്ച് പദ്രോവാദോ അധികാരത്തിൻ കീഴിൽപെട്ടവർ, പണം സ്വരൂപിക്കാനായി ഇന്ത്യയിൽ വന്ന അഗസ്റ്റിൻ, ഫിലിപ്പ് അസ്സീസ് എന്നീ കൽദായ സന്യാസിമാരുടെ പ്രോത്സാഹനത്തിന്റെ കൂടി ഫലമായി ഒരു മെത്രാനുവേണ്ടി ജോസഫ് ഔദോ പാത്രിയാർക്കീസിനോട് അപേക്ഷിച്ചുകൊണ്ട് നിവേദനങ്ങൾ അയച്ചു.

കും എക്ലേസ്യാസ്റ്റിക്കാ ഡിസിപ്ലിനാ എന്ന പ്രമാണരേഖയിലെ കൽപനകളും പരിശുദ്ധ സിംഹാസനത്തിന്റെ ആവർത്തിച്ചുള്ള മുന്നറിയിപ്പുകളും മറികടന്ന്, പ്രൊപ്പഗാന്തായെ അറിയിക്കാതെ, 1874 മെയ് 24-ന് പാത്രിയാർക്കീസ് രണ്ടു മെത്രാൻമാരെ അഭിഷേകം ചെയ്യുകയും, തുടർന്ന് അതുവരെ മെസപൊട്ടേമിയായിലുള്ള അഖ്രായിലെ മെത്രാനായിരുന്ന യോഹന്നാൻ ഏലിയാസ് മേല്ലൂസിനെ മലബാറിലേയ്ക്കയക്കാൻ തീരുമാനിക്കുകയും ചെയ്തു. വിവരമറിഞ്ഞ പ്രൊപ്പഗാന്തായും മാർപാപ്പായും ഈ ഉദ്യമത്തിൽനിന്നും പിന്തിരിയണമെന്ന് പാത്രിയാർക്കീസിനോടും ഏല്ലൂസിനോടും കൽപിച്ചു. എന്നാൽ, മേല്ലൂസും കൂട്ടാളികളും മലബാറിലേയ്ക്കു യാത്ര തിരിക്കുക തന്നെ ചെയ്തു.

ഈ വിവരം അറിഞ്ഞ ഒൻപതാം പീയൂസ് മാർപാപ്പ 1874 ആഗസ്റ്റ് ഒന്നിന് അപ്പസ്തോലിക വികാരിയായ ലയനാർദോ മെല്ലാനോ, സഭാ

**154 സുറിയാനി കത്തോലിക്കാ പള്ളികളിൽ 86 പള്ളികൾ പൂർണമായും 30 പള്ളികൾ ഭാഗികമായും റോക്കോസിനെ സ്വീകരിച്ചു. 1861ൽ ചാവറാ കുര്യാക്കോസ് ഏലിയാസച്ചൻ 9-ാം പിയൂസ് മാർപാപ്പായ്ക്കെഴുതുകയും മാർപാപ്പ സെപ്റ്റംബർ 5 ന് മറുപടി അയക്കുകയും ചെയ്തു. മാർപാപ്പയുടെ കത്തിൽ റോക്കോസിന്റെ നിയമനം അസാധുവാണെന്ന് എഴുതിയിരുന്നു.**

സുപ്പീരിയർമാർ, വൈദികർ, ജനങ്ങൾ എന്നിവരെയെല്ലാം അഭിസംബോധന ചെയ്ത് സ്പെക്കുലാത്തോരെസ് സുപെർ എന്ന ശ്ലൈഹിക ലേഖനം വഴി മെല്ലൂസിന്റെ ആഗമനം തന്റെ ഇംഗിതത്തിനു വിരുദ്ധമാണെന്ന് അറിയിച്ചു. കൂടാതെ, മേല്ലൂസോ മറ്റേതെങ്കിലും കൽദായ മെത്രാനോ ഇന്ത്യയിൽ വന്നാൽ, ആവശ്യമായ മുന്നറിയിപ്പുകൾക്കു ശേഷവും അവർ അനുസരിക്കാൻ വിസ്സമ്മതിക്കുകയാണെങ്കിൽ അവരെ സഭയിൽനിന്നു മഹറോൻ ചൊല്ലി പുറത്താക്കാനുള്ള അധികാരം അപ്പസ്തോലിക വികാരിക്ക് നൽകുകയും ചെയ്തു.

1874 ഒക്ടോബർ രണ്ടിന് മേല്ലൂസ് കേരളത്തിലെ തൃശ്ശൂരിലെത്തി. മാർപാപ്പായുടെ ഉത്തരവനുസരിച്ച്, ഒകടോബർ 25-ന് അപ്പസ്തോലിക വികാരിയായ ലയനാർദോ മെല്ലാനോ അദ്ദേഹത്തെ സഭാഭ്രഷ്ടനാക്കി. എന്നാൽ, അദ്ദേഹം മലബാറിൽ തങ്ങുകയും സഭാവിരുദ്ധ പ്രവർത്തനങ്ങൾ തുടരുകയുമാണു ചെയ്തത്. കാലക്രമേണ, തന്റെ മാനസാന്തരത്തിനു ശേഷം ഒരു സാധാരണ ഇടവക വൈദികനായി ജീവിച്ച തൊണ്ടനാട്ട് അന്തോനിയച്ചനും (അബ്ദീശോ മെത്രാൻ) മേല്ലൂസിനൊപ്പം ചേർന്നു. നിരവധി നാടകീയ സംഭവങ്ങൾക്കൊടുവിൽ മേല്ലൂസ് ഇന്ത്യ വിട്ടുപോകുകയും പിന്നീടു മാനസാന്തരപ്പെടുകയും ചെയ്തെങ്കിലും, ഇന്ത്യയിലെ ശീശ്മക്കാരായ നേതാക്കൻമാരുടെ കടുംപിടുത്തവും നാട്ടുകാരനായ ഒരു പൗരസ്ത്യ കത്തോലിക്കാ മെത്രാന്റെ അഭാവവും മലബാറിൽ ശീശ്മ നിലനിൽക്കുന്നതിനു കാരണമായി. മേല്ലൂസ് സ്ഥലം വിട്ടതിനുശേഷം അദ്ദേഹത്തിന്റെ കുറെ അനുയായികൾ മാതൃസഭയിലേയ്ക്കു തിരിച്ചു വന്നു. ശീശ്മയിൽ ഉറച്ചു നിന്ന 'മേല്ലൂസിയൻമാർ' നിരവധി അവസ്ഥാന്തരങ്ങൾക്കു ശേഷം, 1907-ൽ 'നെസ്തോറിയൻ' പാത്രിയാർക്കീസായ സൈമൺ ബഞ്ചമിൻ പത്തൊൻപതാമനുമായി ഐക്യത്തിലാകുകയും കിഴക്കിന്റെ അസ്സീറിയൻ സഭയുടെ ഭാഗമായി ത്തീരുകയും ചെയ്തു. അന്നു മുതൽ തൃശ്ശൂർ ആസ്ഥാനമായുള്ള ഈ സഭ കിഴക്കിന്റെ അസ്സീറിയൻ സഭയുടെ പാത്രിയാർക്കീസിന്റെ കീഴിലായി. പുരാതനമായ (ആദ്യം മുതലുള്ള) പൗരസ്ത്യ സുറിയാനി അഥവാ കൽദായ ആരാധനക്രമപാരമ്പര്യവും ദൈവശാസ്ത്രവും ശിക്ഷണക്രമവുമാണ് ഈ സഭ പിന്തുടർന്നു പോരുന്നത്.

www.malankaralibrary.com



ജിതിൻ സേവ്യർ നെടുംപറമ്പിൽ

# സർക്കാർ ജോലിയാണോ നിങ്ങളുടെ സ്വപ്നം?



### ഒരു അവലോകനം

എന്താണ് വിദ്യാഭ്യാസം? എന്താണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം? ചെറുപ്പകാലം മുതൽ തന്നെ നാമെല്ലാം കേൾക്കുന്ന സ്ഥിരം ചോദ്യങ്ങൾ. വിദ്യാഭ്യാസം എന്നാൽ അറിവിന്റെയും സംസ്കാരത്തിന്റെയും പകർന്നു നൽകൽ ആണെന്നും, മനുഷ്യന്റെ യഥാർത്ഥ സത്ത പുറത്തു കൊണ്ടുവരൽ ആണെന്നും നമ്മൾ കേട്ടിട്ടുണ്ട്. ബുദ്ധിയും ഹൃദയവും വികസിച്ച ഒരു സമ്പൂർണ്ണ മനുഷ്യനെ വാർത്തെടുക്കലാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം എന്നും നമുക്കറിയാം. ഇത് പൂർണ്ണമായും ശരിയാണ് താനും. എന്നാൽ വിദ്യാഭ്യാസം പൂർത്തിയാക്കി പച്ചയായ ലോകത്തിലേക്ക് ഇറങ്ങുന്ന ഒരുവനെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസത്തിന്റെ ഏറ്റവും മുഖ്യമായ ലക്ഷ്യം, 'ഒരു മികച്ച ജോലി കണ്ടെത്താനുള്ള ഉപാധി' എന്നതാണെന്ന് തോന്നുന്നു. വിദ്യാഭ്യാസം പോലെ തന്നെ മുഖ്യമാണ് നമ്മുടെ ഇഷ്ടത്തിനിണങ്ങിയ ഒരു ജോലിയും.

### നാട്ടിലൊരു ജോലി

അധ്വാനിക്കാൻ മനസ്സുള്ളവർക്ക് ലോകത്തിന്റെ ഏതു കോണിൽ വേണമെങ്കിലും ഒരു തൊഴിൽ കണ്ടെത്താൻ കഴിയുമെന്ന മട്ടിൽ നമ്മുടെ ലോകം മാറിക്കഴിഞ്ഞു. ലോകം ഇന്ന് ഒരു ആഗോള ഗ്രാമമായി

www.malankaralibrary.com


(Global village) ചുരുങ്ങിയിരിക്കുന്നു. ഒരു പക്ഷിക്ക്, അനന്തമായ ആകാശം നൽകുന്ന സ്വാതന്ത്ര്യത്തിനിടയിലും, സ്വന്തം കൂട് നൽകുന്ന ഒരു സുരക്ഷിതത്വം ഉണ്ട്. ഇതുതന്നെ മനുഷ്യരുടെ കാര്യത്തിലും ബാധകമാണ്. ലോകത്തിന്റെ ഏതു കോണിൽ ചെന്നാലും, എത്രമാത്രം വെട്ടിപ്പിടിച്ചാ ലും പെറ്റമ്മയും പിറന്ന നാടും എന്നും മനുഷ്യന് സ്വർഗ്ഗതുല്യമാണ്.

ദേശീയതലത്തിൽ തന്നെ ഇന്ന് വലിയ ചർച്ചയാണ്, ഇന്ത്യയിലെ കുട്ടികളുടെ കൂട്ടത്തോടെയുള്ള നാടുവിടൽ. നമ്മുടെ നാട്ടിലെ സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങളും, തൊഴിൽ മേഖലയിലെ പ്രശ്നങ്ങളും ഒക്കെ ഇതിന് ആക്കം കൂട്ടുന്നുണ്ട്. എങ്കിലും ഏതൊരു സാധാരണക്കാരനും പ്രാപ്യമായ അനേകം ജോലികൾ നമ്മുടെ നാട്ടിലും ഉണ്ട്. ഇതിൽ സർക്കാർ ജോലികൾക്ക് അല്പം മുൻതൂക്കം ഉണ്ടെന്ന് പറയേണ്ടിവരും. (വളരെ മികച്ച സ്വകാര്യ ജോലികൾ ഉണ്ടെന്നുള്ളത് വിസ്മരിക്കുന്നില്ല)

## സർക്കാർ ജോലി ബാലികേറാമലയോ?

സർക്കാർ ജോലി പഠിപ്പിസ്റ്റുകൾക്ക് മാത്രമുള്ളതാണെന്നുള്ള ഒരു ധാരണ പലർക്കും ഉണ്ട്. 100% ഉറപ്പോടെ, സ്വന്തം അനുഭവത്തിൽ നിന്നും ഒരു കാര്യം പറയാം. നമ്മുടെ കേരളത്തിലെ കുട്ടികൾ പത്താം ക്ലാസിലും, പന്ത്രണ്ടാം ക്ലാസിലും, എൻട്രൻസ് പരീക്ഷയിലും മികച്ച വിജയം നേടാൻ ശ്രമിക്കുന്ന അധ്വാനമുണ്ടല്ലോ, അത്രപോലും അധ്വാനം വേണ്ട ഒരു സർക്കാർ ജോലി നേടാൻ. ഇക്കാര്യം മനസ്സിലാക്കി കൃത്യമായി ഫോക്കസ് ചെയ്താൽ മികച്ച ഒരു സർക്കാർ ജോലി തന്നെ നമ്മുടെ കുട്ടികൾക്ക് ലഭിക്കും.

കേന്ദ്രസർവീസിലും, കേരള സംസ്ഥാന സർവീസിലുമായി ഏകദേശം എഴുപതിനായിരത്തോളം ഒഴിവുകൾ ആണ് ഓരോ വർഷവും റിപ്പോർട്ട് ചെയ്യപ്പെടുന്നത്. ഇതിൽ തന്നെ കേരള പിഎസ്‌സി വഴി നിയമനം നടത്തുന്ന ഏതാനും ചില പ്രധാന സർക്കാർ ഉദ്യോഗങ്ങളെപ്പറ്റി നോക്കാം.

## വൺ ടൈം രജിസ്ട്രേഷൻ

കേരള പിഎസ്‌സി ആദ്യമായി ചെയ്യേണ്ടത് വൺ ടൈം രജിസ്ട്രേഷൻ പൂർത്തിയാക്കുക എന്നുള്ളതാണ്. 18 വയസ്സിനും 36 വയസ്സിനു ഇടയിലുള്ള പിഎസ്‌സി എക്സാം എഴുതാൻ പോകുന്ന എല്ലാവരും ആദ്യം തന്നെ https://thulasi.psc.kerala.gov.in/thulasi/ എന്നുള്ള സൈറ്റിൽ

www.malankaralibrary.com


സൗജന്യമായി വൺ ടൈം രജിസ്ട്രേഷൻ പൂർത്തിയാക്കണം. പിന്നീട് ഓരോരുത്തരുടെയും വിദ്യാഭ്യാസയോഗ്യത അനുസരിച്ചുള്ള പരീക്ഷകൾക്ക് സൗജന്യമായി തന്നെ അപേക്ഷിക്കാൻ സാധിക്കും.

## എത്രയോ ജോലികൾ

പത്താം ക്ലാസ് യോഗ്യതയുള്ളവർക്ക് ലാസ്റ്റ് ഗ്രേഡ് സർവെന്റ്, എൽഡി ക്ലർക്ക്, ഓഫീസ് അറ്റൻഡന്റ് തുടങ്ങിയ ജോലികളാണ് പ്രധാനമായും ഉള്ളത്.

പ്ലസ് ടു യോഗ്യതയുള്ളവർക്ക് സിവിൽ പോലീസ് ഓഫീസർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ഫയർമാൻ എന്നിങ്ങനെയുള്ള ഒട്ടേറെ പോസ്റ്റുകൾ ഉണ്ട്. ഡിഗ്രി യോഗ്യതയുള്ളവർക്കായി KAS, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, പഞ്ചായത്ത് സെക്രട്ടറി, സെക്രട്ടറിയേറ്റ് അസിസ്റ്റന്റ്, യൂണിവേഴ്സിറ്റി അസിസ്റ്റന്റ്, ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ, കമ്പനി കോർപ്പറേഷൻ അസിസ്റ്റന്റ്, പോലീസ് എസ്ഐ, അസിസ്റ്റന്റ് ജയിലർ എക്സൈസ് ഇൻസ്പെക്ടർ എന്നിങ്ങനെ എത്രയോ എത്രയോ ജോലി സാധ്യതകൾ.

## സർക്കാർ ജോലിക്ക് ശമ്പളം കുറവാണോ?

മേൽ പറഞ്ഞ ചോദ്യം പലരും ചോദിക്കാറുണ്ട്. ചില ഉയർന്ന സ്വകാര്യ ജോലികളെ വച്ചു നോക്കുമ്പോൾ ശരിയാണെന്ന് തോന്നാം. ഒരു സർക്കാർ ജോലിക്കാരന് തുടക്കത്തിൽ ലഭിക്കുന്ന ശമ്പളം നോക്കാം. പത്താം ക്ലാസ് യോഗ്യതയുള്ള മിക്ക ജോലികൾക്കും അടിസ്ഥാന ശമ്പള സ്കെയിൽ 26500 മുതൽ 60700 വരെയാണ്. അടിസ്ഥാന ശമ്പളത്തിന് പുറമെ DA, HRA മുതലായ ഘടകങ്ങൾ കൂടിച്ചേരുമ്പോൾ ആകെ ശമ്പളം ഇതിലും 11-12% കൂടുതലാണ്.

പന്ത്രണ്ടാം ക്ലാസ് അടിസ്ഥാന യോഗ്യതയുള്ള മിക്ക ജോലികൾക്കും അടിസ്ഥാന ശമ്പളം 31100 മുതൽ 66800 വരെയാണ്.

ഡിഗ്രി യോഗ്യതയുള്ള പോസ്റ്റുകളിലേക്ക് എത്തുമ്പോൾ അടിസ്ഥാന ശമ്പളം, KAS ഉദ്യോഗസ്ഥർക്ക് 81800 രൂപയും, പഞ്ചായത്ത് സെക്രട്ടറി തുടങ്ങിയ പോസ്റ്റുകൾക്ക് 56500 മുതൽ 118100വരെയും, അസിസ്റ്റന്റ് പോസ്റ്റുകൾക്ക് 39300 മുതൽ 83000 വരെയും, SI തുടങ്ങിയ പോസ്റ്റുകൾക്ക് 45600 മുതൽ 95600 വരെയും ഒക്കെയാണ് അടിസ്ഥാന ശമ്പളം (ഓർക്കുക ഇതൊക്കെ ഒരാൾ ജോലിക്ക് കയറുമ്പോൾ ലഭിക്കുന്ന തുടക്ക ശമ്പളം മാത്രം ആണ്. DA, HRA വർഷാവർഷം ലഭിക്കുന്ന

ഇൻക്രിമെന്റ്, ബോണസ്, ഉത്സവബത്ത, ഉറപ്പുള്ള പ്രമോഷനുകൾ തുടങ്ങിയവ കണക്കിലെടുക്കുമ്പോൾ വളരെ ആകർഷകമായ ശമ്പളം തന്നെയാണ് ഒട്ടുമിക്ക സർക്കാർ ജോലികൾക്കും ഉള്ളത്).

## അനന്തമായ സാധ്യതകൾ

മേൽ പരാമർശിച്ച ജോലികളിൽ ഏതിലെങ്കിലും എത്തിയാൽ അനന്തമായ സാധ്യതകളാണ് ഉള്ളത്. പത്താം ക്ലാസ് യോഗ്യതയിൽ ഉള്ള LD ക്ലാർക്ക് ജോലിയുടെ കാര്യം മാത്രം വിശദമായി പറയാം.

26500-60700 എന്നതാണ് എൽഡി ക്ലാർക്ക് തസ്തികയുടെ ശമ്പള സ്കെയിൽ. അടിസ്ഥാന ശമ്പളത്തിന്റെ കൂടെ DA, HRA, City Compensatory Allowance എന്നിവ കൂടി കൂട്ടി 30000 രൂപയോളം തുടക്കത്തിൽ ശമ്പളം ലഭിക്കും. സർക്കാർ ഇതിനകം അനുവദിച്ച 18% DA ഇപ്പോൾ ജീവനക്കാർക്ക് കുടിശികയാണ്. ഇതുകൂടി ലഭിക്കുമ്പോൾ തുടക്കശമ്പളം 35000 വരെ രൂപയായി വർധിക്കും.

## എൽഡി ക്ലാർക്ക് നിയമനം ജില്ലാ അടിസ്ഥാനത്തിൽ

ഏതു വകുപ്പിൽ ജോലി ലഭിച്ചാലും സ്ഥാനക്കയറ്റം ലഭിക്കാൻ ധാരാളം അവസരങ്ങളുള്ള ആകർഷകമായ ജോലിയാണ് എൽഡി ക്ലാർക്കന്റേത്. അടിസ്ഥാന യോഗ്യതയ്ക്കൊപ്പം സാങ്കേതിക യോഗ്യത നേടിയിട്ടുള്ളവർക്ക് അവർ നേടിയ യോഗ്യത ആവശ്യമായ വകുപ്പിൽ നിയമനം ലഭിച്ചാൽ തസ്തികമാറ്റം വഴിയും അല്ലാതെയും ഉയർന്ന തസ്തികയിൽ നിയമനം ലഭിക്കും. ഇതിലേക്ക് നിശ്ചിത സേവന കാലാവധി പൂർത്തിയാക്കിയാൽ മതി.

വിദ്യാഭ്യാസ വകുപ്പിൽ എൽഡി ക്ലാർക്കായി നിയമനം ലഭിച്ചാൽ അധ്യാപക തസ്തികയ്ക്ക് ആവശ്യമായ യോഗ്യതയുള്ള ആളാണെങ്കിൽ നിശ്ചിത സേവനകാലാവധി പൂർത്തിയാക്കിയാൽ തസ്തികമാറ്റം വഴി അധ്യാപകരാകാം.

മോട്ടോർ വാഹന വകുപ്പിൽ നിയമനം ലഭിക്കുന്നവർക്ക് നിശ്ചിത

**പിഎസ്സി പരീക്ഷയിലെ വിജയത്തിന് ചലിക്കുന്ന സർവവിജ്ഞാനകോശമൊന്നും ആകേണ്ട കാര്യമില്ല. അധ്വാനശീലത്തോടുകൂടിയ സാമാന്യ ബുദ്ധിയും, വിജയം കൈവരിച്ചേ തീരൂ എന്ന തീക്ഷ്ണമായ ആഗ്രഹവുമാണു ഒരാളെ വിജയത്തിൽ എത്തിക്കുന്നത്.**

യോഗ്യതയുണ്ടെങ്കിൽ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറായും സഹകരണ വകുപ്പിൽ നിയമനം ലഭിക്കുന്നവർക്ക് കോഓപ്പറേറ്റീവ് ഇൻസ്പെക്ടറായും റഗുലർ കേഡർ പ്രമോഷനു പുറമേ നിയമനം ലഭിക്കും. നിയമബിരുദം നേടിയവർക്ക് തസ്തികമാറ്റം വഴി സെക്രട്ടേറിയറ്റിൽ ലീഗൽ അസിസ്റ്റന്റ് ആകാം. തുടർന്ന് അവിടെയുള്ള എല്ലാ റഗുലർ പ്രമോഷനും ലഭിക്കും.

റവന്യൂ വകുപ്പിൽ നിയമനം ലഭിക്കുന്നവർക്ക് ഡപ്യൂട്ടി കലക്ടർ വരെയാകാനും ഈ തസ്തികയിൽ സർക്കാർ നിശ്ചയിക്കുന്ന സേവനകാലാവധി പൂർത്തിയാക്കിയാൽ ഒഴിവിന്റെ അടിസ്ഥാനത്തിൽ ഐഎഎസ് വരെ ലഭിക്കാനും സാധ്യതയുണ്ട്. ട്രഷറി വകുപ്പിൽ നിയമനം ലഭിച്ചാൽ ട്രഷറി ഡയറക്ടർ വരെയാകാം.

താരതമ്യേന പ്രമോഷൻ കുറഞ്ഞ വകുപ്പിൽ നിയമനം ലഭിച്ചാലും സേവനകാലത്തിന്റെ ദൈർഘ്യത്തിനനുസരിച്ച് സീനിയർ സൂപ്രണ്ട്/ അക്കൗണ്ട്സ് ഓഫിസർ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികകൾ വരെ എത്താൻ കഴിയുമെന്നുറപ്പ്. സീനിയർ സൂപ്രണ്ടായി പ്രമോഷൻ ലഭിക്കുന്നവർ നിശ്ചിത സേവനകാലാവധി പൂർത്തിയാക്കിയാൽ പിഎസ്സി വഴി അഡ്മിനിസ്ട്രേറ്റീവ് ഓഫിസർ തസ്തികയിലും എത്താം.

മേൽ പരാമർശിച്ചത് വെറും പത്താം ക്ലാസ് മാത്രം യോഗ്യത വേണ്ടുന്ന എൽഡി ക്ലാർക്ക് പരീക്ഷയുടെ കാര്യമാണ്. അപ്പോൾ പിന്നെ അതിനു മുകളിൽ വിദ്യാഭ്യാസ യോഗ്യതയുള്ള തസ്തികകളുടെ കാര്യം ഊഹിക്കാവുന്നതല്ലേ ഉള്ളൂ.

**എങ്ങനെ ഒരുങ്ങണം ?**

പരീക്ഷയുടെ സിലബസ്, വിഷയങ്ങളുടെ പ്രത്യേകത, സമയക്രമം, മാർക്ക്, പരീക്ഷയുടെ മറ്റു സവിശേഷതകൾ തുടങ്ങിയ കാര്യങ്ങൾ മനസ്സിലാക്കുകയാണ് ആദ്യം ചെയ്യേണ്ടത്. പൊതുവിജ്ഞാനവും ഗണിതശേഷിയും ഇംഗ്ലീഷ് ഭാഷാപ്രാവീണ്യവും, മലയാള ഭാഷയിലുള്ള അറിവുമാണു പൊതുവായി പരിശോധിക്കപ്പെടുക. ഗണിതത്തിന്റെയും ഇംഗ്ലീഷ് ഭാഷയുടെയും മലയാള ഭാഷയുടെയും അടിസ്ഥാന പാഠങ്ങൾ സ്കൂൾ ക്ലാസ്സിൽ നന്നായി ഗ്രഹിച്ചിട്ടുള്ളവർക്ക് ഈ മൂന്നു വിഷയങ്ങളിലെയും ചോദ്യങ്ങളെ ആത്മവിശ്വാസത്തോടെ നേരിടാൻ കഴിയും. എന്നാൽ പൊതുവിജ്ഞാനത്തിന്റെ കാര്യത്തിൽ, അനുദിനം മാറിക്കൊണ്ടിരുന്ന ലോകത്തു കണ്ണും കാതും തുറന്നുവച്ചുള്ള അന്വേഷണവും

നിരീക്ഷണവും ജാഗ്രതയുമുള്ള ഉദ്യോഗാർഥിയാണോ ഒരാൾ എന്നാണ് PSC പരിശോധിക്കുക.

പിഎസ്സി പരീക്ഷയിലെ വിജയത്തിന് ചലിക്കുന്ന സർവവിജ്ഞാന കോശമൊന്നും ആകേണ്ട കാര്യമില്ല. അധ്വാനശീലത്തോടുകൂടിയ സാമാന്യ ബുദ്ധിയും, വിജയം കൈവരിച്ചേ തീരൂ എന്ന തീക്ഷ്ണമായ ആഗ്രഹവുമാണു ഒരാളെ വിജയത്തിൽ എത്തിക്കുന്നത്.

ഏതു മൽസര പരീക്ഷയിലെയും 50% മുതൽ 60% വരെ ചോദ്യങ്ങൾ ലളിതമായിരിക്കും. ബാക്കിയുള്ള ചോദ്യങ്ങളായിരിക്കും വിജയപരാജയങ്ങൾ നിർണയിക്കുക. ഇവിടെയാണ് മുൻ വർഷത്തിലെ ചോദ്യപേപ്പറുകൾ കൃത്യമായി വർക്കൗട്ട് ചെയ്യുന്നതിന്റെ പ്രസക്തി. മുൻവർഷ ചോദ്യപേപ്പറുകൾ ഉപയോഗിച്ചുള്ള പരിശീലനം, ചോദ്യങ്ങളുടെ ട്രെന്റുകളും പാറ്റേണുകളും മനസ്സിലാക്കുന്നതിനും പരീക്ഷയെ ആത്മവിശ്വാസത്തോടെ നേരിടുന്നതിനും അതുവഴി വിജയത്തിലെത്തിക്കുന്നതിനും സഹായിക്കും.

വിവിധ വിഷയങ്ങളിൽ അടിസ്ഥാനപരമായ അറിവുകൾ നൽകുന്ന സ്റ്റഡിമെറ്റീരിയൽസ് വാങ്ങി പഠനം ആരംഭിക്കുകയാണു മൽസര പരീക്ഷകളുടെ ലോകത്തേക്കുള്ള ആദ്യ ചുവടുവയ്പ്. പത്രങ്ങളും ആനുകാലികങ്ങളും പൊതുവിജ്ഞാനത്തിന്റെ വലിയൊരു സ്രോതസ്സാണ്. അവയും ഈ ഘട്ടത്തിൽ വായിക്കാൻ തുടങ്ങണം.

അതിനുശേഷം കുറെക്കൂടി വിശദമായ പ്രതിപാദ്യങ്ങൾ ഉള്ള പുസ്തകങ്ങൾ പരിശീലനത്തിനായി തിരഞ്ഞെടുക്കാം. ആദ്യം മുതൽ തന്നെ, മുമ്പ് പറഞ്ഞത് പോലെ PSC ചോദ്യങ്ങൾ പരിശീലിക്കുകയും വേണം. ഒരു ദിവസം ഒന്നോ രണ്ടോ മണിക്കൂർ പഠിക്കാൻ ഒരു ഉദ്യോഗാർഥി തീരുമാനിച്ചാൽ പ്രതിദിനം വിവിധ വിഷയങ്ങളിലെ 100-150 ചോദ്യങ്ങൾ പരിശീലിക്കാൻ കഴിയും. ഒരാഴ്ച ഈ രീതിയിൽ പഠനം തുടർന്നാൽ 1000 വരെ ചോദ്യങ്ങൾ പരിശീലിക്കാം.

ഒരു വർഷമെങ്കിലും ഇപ്രകാരം ഫോക്കസ് ചെയ്ത് പഠിച്ചാൽ ആർക്കും പിഎസ്സി പരീക്ഷ എഴുതിയെടുക്കാവുന്നതേയുള്ളൂ. പഠിക്കാൻ സമയമില്ലെന്നോ പ്രായം വൈകിയെന്നോ ചിന്തിക്കേണ്ട. ജീവിതത്തിലെ ഒരു വർഷം പഠനത്തിനു മാറ്റിവച്ചാൽ പിന്നീടുള്ള വർഷങ്ങൾ സർക്കാർ ജോലിയുടെ സുരക്ഷിതത്വത്തിൽ സന്തോഷത്തോടെ ജീവിക്കാം.

## രണ്ടാം വർഷത്തിലേയ്ക്ക്

# ഏദൻ കർഷകസംഘം

**മാത്യൂസ് ഞാറപ്പറമ്പ്**



കൃഷിയെ മറന്നു കൊണ്ടുള്ള വികസനവും ജീവിതവും ഭാവിക്ക് ഭീഷണിയാണ്. മുതിർന്നവരും യുവാക്കളും കുട്ടികളും കൃഷിയുടെ നന്മകൾ സ്വന്തമാക്കണം. ജീവിതത്തിൽ അല്പസമയമെങ്കിലും നാം കൃഷിക്കാര്യങ്ങൾക്കു വേണ്ടി ചിലവഴിക്കണം. ഇത് നമ്മെ സൃഷ്ടാവുമായി ബന്ധിപ്പിക്കുന്ന വലിയ പദ്ധതിയാണ്.

പ്രാർത്ഥനയോടൊപ്പം പ്രവർത്തിയും എന്ന ചിന്തയിൽ നിന്നാണ് 'ഏദൻ കർഷക സംഘം' രൂപം കൊണ്ടത്. അനുഭവ സമ്പത്തുള്ള മുതിർന്ന കർഷകരും കാർഷിക മേഖലയുമായി യാതൊരു ബന്ധവുമില്ലാതിരുന്ന റിട്ടേയർഡ് ആയ വ്യക്തികളും ചേർന്ന് പ്രവർത്തിച്ചപ്പോൾ തരിശായി കിടന്നിരുന്ന പറമ്പ് ഏദൻ തോട്ടമായി. ആഴ്ചയിൽ രണ്ടു ദിവസം ചൊവ്വയും വെള്ളിയും രാവിലെ 8 മുതൽ 10 മണി വരെ രണ്ട് മണിക്കൂർ വികാരിയച്ചന്റെയും കൊച്ചച്ചന്റെയും നേതൃത്വത്തിൽ 18 അംഗങ്ങൾ ഒരുമയോടെ കൃഷിചെയ്യുന്നു. ചെറിയ അധ്വാനവും വലിയ സന്തോഷവും ഉണർവും കൂട്ടായ്മയും പകർന്ന കഴിഞ്ഞ വർഷം നമുക്ക് നല്ല വിളവും വരുമാനവും ലഭിച്ചു. അധ്വാനത്തിലൂടെ എല്ലാവർക്കും ആത്മസംതൃപ്തി ലഭിച്ചു. മനസും ശരീരവും പരിസരവും വൃത്തിയായി. ഭൂമി പച്ചപ്പുകൊണ്ട് സമൃദ്ധിയായി. ആർക്കും ഒരു നഷ്ടവും സംഭവിച്ചില്ല. പ്രഷറും, ഷുഗറും, കൊളസ്ട്രോളും കുറഞ്ഞു. അധ്വാനത്തിലൂടെ ആരോഗ്യം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യവും ഇതിന്റെ പിന്നിലുണ്ടായിരുന്നു.

ജൈവകൃഷിരീതി അവലംബിച്ച് മാരകമായ കീടനാശിനി പ്രയോഗമില്ലാതെ അതിവശ്രദ്ധയും പരിപാലനവും നിർവ്വഹിച്ച് നല്ല വിളകൾ ഉല്പാദിപ്പിച്ചു. ഏതു സമയവും മൊബൈൽ ഫോണും, കമ്പൂട്ടറും,

സോഷ്യൽ മീഡിയായും, ലാപ്ടോപ്പും ഉപയോഗിച്ചുകൊണ്ടിരുന്നാൽ ഭക്ഷണമേശയിൽ ആഹാരമെത്തുകയില്ല. ഇന്റർനെറ്റിൽ നിന്നും ആഹാരം ഡൗൺലോഡ് ചെയ്യാൻ നമുക്കു സാധിക്കില്ല.

പുതിയ തലമുറയ്ക്ക് മാതൃകയാകുക എന്ന ലക്ഷ്യവും ഈ കൃഷി രീതിക്കുണ്ട്. പ്ലാവിൻ ചുവട്ടിൽ വീണുകിടക്കുന്ന ചക്കക്കുരു പെറുക്കി എടുക്കുവാൻ കഴിയാതെ കടയിൽ പോയി ചക്കക്കുരു വാങ്ങുന്ന സംസ്കാരമാണ് നമുക്കുള്ളത്. ആൺകുട്ടികളെയും പെൺകുട്ടികളെയും കൃഷിയും പാചകവും കുടുംബങ്ങളിൽ പരിശീലിപ്പിക്കേണ്ടത് ഏറെ ഗൗരവമായി നാം കാണണം. ഏതു തൊഴിൽ ചെയ്താലും കൃഷിയും കൂടെ ചെയ്യുവാൻ നാം പ്രാപ്തരാകണം.

ഇനി എല്ലാ പള്ളികളോടും ചേർന്ന് കർഷക സംഘങ്ങൾ ഉണ്ടാകണം. അങ്ങനെ ആത്മീയതയ്ക്ക് ഒപ്പം കാർഷിക സംസ്കാരവും രൂപപ്പെടണം. അത് നമ്മുടെ കുടുംബങ്ങളിലേക്കും വ്യാപിപ്പിക്കണം. അങ്ങനെ നമ്മുടെ ജന്മഭൂമി കർമ്മഭൂമിയായി തീർന്ന് ജീവനത്തിനും ഭക്ഷ്യസുരക്ഷയ്ക്കും ഇടയാകുവാൻ നമുക്ക് പരിശ്രമിക്കാം. സമൂഹത്തിന് ഇത്തരം സഭാ സംവിധാനങ്ങൾ മാതൃകയായി ഭവിക്കട്ടെയെന്നാശംസിക്കുന്നു.

**2023 ഒക്ടോ.-ഡിസം. ലക്കം മരിയൻ ക്വിസ് ശരിയുത്തരങ്ങൾ**

(1) മരിച്ചവരിൽ നിന്നുയർപ്പിക്കുന്ന ദൈവത്തിൽ ആശ്രയിക്കുന്നതിന് (2) പ്രാർത്ഥനകൾ വഴി സഹായിക്കണം (3) വിശുദ്ധിയോടും, പരമാർത്ഥതയോടും വ്യാപരിച്ചു എന്ന മനസാക്ഷി (4) സമൃദ്ധമായ സ്നേഹം അറിയിക്കുന്നതിന് (5) ആത്മാവായ കർത്താവിന്റെ ദാനമാണ്. (6) നാശത്തിലേക്ക് പോകുന്നവർക്ക്. (7) അവിശ്വാസികൾക്ക് (8) ദൈവം (9) ഈശോയെ പ്രതി സഭാ മരണത്തിനേൽപ്പിക്കപ്പെടുന്നു. (10) ദൈവത്തെ പ്രസാദിപ്പിക്കുക (11) പരിശുദ്ധ കന്യകാമറിയം (12) വി. അൽഫോൻസാമ്മ (13) മേരി മാർഗരറ്റ് വലോമി രാജ്ഞി (14) സാൻഫ്രാൻസിസ്കോ പള്ളി (15) അരംഭായി തങ്കോൽ, മേതിലിപ്പോൺ.

**ഒക്ടോ.-ഡിസം. ലക്കം മരിയൻ ക്വിസ് ശരിയുത്തരം നൽകിയത്:**

(1) ബിന്ദു വർഗീസ് കരിമ്പുംതറ (6/2), ഫോൺ: 8547022568
(2) ജിൻസു വർഗ്ഗീസ് കരിമ്പുംതറ (6/2), ഫോൺ: 8547022568
(3) ഗ്രേസമ്മ ജോൺ വഴീപ്പറമ്പിൽ (6/1), ഫോൺ: 9447810197

www.malankaralibrary.com

# ഫോട്ടോ ഗ്യാലറി



സൺഡേ സ്കൂളിൽ അതിരൂപതയിൽ നിന്നുള്ള സിആർടി ടീം നടത്തിയ സന്ദർശനത്തോട് അനുബന്ധിച്ച് വികാരി വരിക്കപ്പള്ളി ജോസച്ചൻ പ്രസംഗിക്കുന്നു. ഹെഡ്മാസ്റ്റർ ലാലു വി.എ.വേട്ടാപറമ്പിൽ, പിടിഎഫ് പ്രസിഡന്റ് ഡോ. സെബിൻ എസ്. കൊട്ടാരം എന്നിവർ സമീപം.



സൺഡേ സ്കൂൾ ഫൊറോന ബൈബിൾ കലോത്സവത്തിൽ മൂന്നാം സ്ഥാനം നേടിയ തുരുത്തി സൺഡേ സ്കൂൾ ടീം.



ക്രിസ്മസിന് മുൻപുള്ള 25 ദിവസവും വിശുദ്ധ കുർബാനയ്ക്ക് എത്തിയ സൺഡേ സ്കൂൾ കുട്ടികൾ വികാരിയച്ചനോടും ഹെഡ്മാസ്റ്ററോടും ഒപ്പം.

www.malankaralibrary.com

# ഫോട്ടോ ഗ്യാലറി



ക്രിസ്തുമസ് തിരുക്കർമ്മങ്ങൾ



പിണ്ടികുത്തി തിരുന്നാൾ



ഏദൻ കർഷക സംഘത്തിന്റെ നേതൃത്വത്തിൽ ഈ വർഷത്തെ വാഴക്കൃഷി ആരംഭിക്കുന്നു.

www.malankaralibrary.com

# മർത്ത് മറിയം സൺഡേസ്കൂൾ

ഈ വർഷത്തെ ഫൊറോന ബൈബിൾ കലോത്സവത്തിനായി അധ്യാപകർ കുട്ടികൾക്ക് മികച്ച രീതിയിൽ പരിശീലനം നൽകുകയും നമ്മുടെ സൺഡേ സ്കൂൾ ഓവറോൾ മൂന്നാം സ്ഥാനം കരസ്ഥമാക്കുക യും ചെയ്തു. മതാധ്യാപകരുടെ മധ്യസ്ഥനായ വിശുദ്ധ ചാൾസ് ബറോ മിയോയുടെ തിരുനാൾ മിഷൻ ലീഗിന്റെ നേതൃത്വത്തിൽ സമുചിതമായി കൊണ്ടാടി. നമ്മുടെ സൺഡേ സ്കൂളിലെ എല്ലാ കുട്ടികൾക്കും മാതാ പിതാക്കൾക്കും, സൈക്കോളജിസ്റ്റും രാജ്യാന്തര പ്രഭാഷകനുമായ സൺഡേ സ്കൂൾ പിടിഎഫ് പ്രസിഡന്റ് ഡോ. സെബിൻ എസ് കൊട്ടാരം നാലാഴ്ചകളിലായി പ്രത്യേകം ക്ലാസുകൾ എടുത്തു.

സെപ്റ്റംബർ മാസം 24ന് നടന്ന ലോഗോസ് ക്വിസ്സിൽ നാലാം ക്ലാസ് മുതലുള്ള എല്ലാ കുട്ടികളും അധ്യാപകരും പങ്കെടുത്തു. ഡിസംബർ മൂന്നാം തീയതി നടന്ന ഫൊറോന സിആർടി വിസിറ്റിൽ സൺഡേ സ്കൂളിന്റെ മികച്ച പ്രവർത്തനങ്ങളെ സിആർടി അംഗങ്ങൾ അഭിനന്ദിച്ചു. 25 നോമ്പിനോട് അനുബന്ധിച്ച് കുട്ടികൾക്ക് കുമ്പസാരത്തിനുള്ള സൗക ര്യം ഒരുക്കുകയും, നോമ്പിന്റെ എല്ലാ ദിവസവും വിശുദ്ധ കുർബാനയിൽ പങ്കെടുത്ത കുട്ടികൾക്ക് ശ്രീ. വിനോദ് മാത്യു കൊച്ചീത്ര സ്പോൺസർ ചെയ്ത സമ്മാനങ്ങൾ നൽകുകയും ചെയ്തു. ദീർഘകാലം സൺഡേ സ്കൂളിൽ സേവനമനുഷ്ഠിക്കുകയും ഹെഡ്മാസ്റ്ററായി നേതൃത്വം നൽ കുകയും ചെയ്ത ശ്രീ. സേവ്യർ സേവ്യർ നെടുംപറമ്പിലിന്റെ നിര്യാ ണത്തിൽ സൺഡേസ്കൂൾ കുടുംബം അനുശോചനം രേഖപ്പെടുത്തി. ചങ്ങനാശ്ശേരി അതിരൂപത ബൈബിൾ കലോത്സവത്തിൽ തുരുത്തി ഇടവകയിൽ നിന്നും പങ്കെടുത്ത കുട്ടികൾ മികച്ച ഗ്രേഡ് നേടുകയും പദ്യോച്ചാരണം, സൂപ്പർ സീനിയർ വിഭാഗത്തിൽ അലീന ആന്റോ മുള ഞ്ഞനാനി A grade നേടി ഒന്നാം സ്ഥാനം കരസ്ഥമാക്കുക യും ചെയ്തു.

നവ വൈദികനായി അഭിഷേകം ചെയ്യപ്പെട്ട കളത്തിപറമ്പിൽ സെബാ സ്റ്റ്യൻ അച്ചന് സൺഡേസ്കൂൾ കുട്ടികളും അധ്യാപകരും ആശംസക ളും അനുമോദനങ്ങളും അർപ്പിച്ചു.

www.malankaralibrary.com

# സംഘടനാ വാർത്തകൾ

## VINCENT DE PAUL SOCIETY — വിൻസെന്റ് ഡി പോൾ സൊസൈറ്റി

വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പ്രവർത്തക അംഗങ്ങളുടെ യോഗം എല്ലാ ഞായറാഴ്ചകളിലും നടത്തപ്പെടുന്നു. രണ്ടാം ഞായറാഴ്ചകളിൽ പ്രത്യേകമായി തിരുമണിക്കുർ ആരാധനയും രോഗി സന്ദർശനവും നടത്തുന്നു.

### പ്രത്യേക ചികിത്സാ സഹായങ്ങൾ

പലവിധ രോഗങ്ങളാൽ ആശുപത്രി വാസം വേണ്ടിവന്ന നിർധനരായ അഞ്ച് രോഗികളുടെ ഹോസ്പിറ്റൽ ബിൽ അടക്കുന്നതിനുള്ള സഹായമായി റിപ്പോർട്ട് കാലയളവിൽ 1,10,000/ രൂപ നൽകി. പുതിയതായി നാലുപേർക്ക് മാസംതോറും ചികിത്സാ സഹായം നൽകിത്തുടങ്ങി.

### തിരുനാൾ

വാഴ്ത്തപ്പെട്ട ഫെഡറിക് ഓസാനാമിന്റെയും സെന്റ് വിൻസെന്റ് ഡി പോളിന്റെയും തിരുനാൾ സെപ്റ്റംബർ 24-ാം തീയതി സെന്റ് വിൻസെന്റ് പൂവർഹോമിൽ അന്തേവാസികളോടൊപ്പം വിവിധ പരിപാടികളോടെ ആഘോഷിച്ചു.

### മാസംതോറും ഉള്ള സഹായങ്ങൾ

1. ദത്തു കുടുംബസഹായം - 11 കുടുംബങ്ങൾക്ക്.
2. ചികിത്സാസഹായം - 9 വ്യക്തികൾക്ക്.
3. വിദ്യാഭ്യാസസഹായം - 8 വിദ്യാർത്ഥികൾക്ക്.

## FRANCISCAN ALMAYA SABHA — ഫ്രാൻസിസ്കൻ അല്മായ സഭ

ഫ്രാൻസിസ്കൻ മൂന്നാം സഭയുടെ പ്രവർത്തനങ്ങൾ ഇടവകയിൽ സജീവമായി നടക്കുന്നു. ദൈവാലയത്തിലെ ആത്മീയ പ്രവർത്തനങ്ങളിലും അംഗങ്ങൾ സജീവമായി പങ്കുചേരുന്നു. രോഗികളെ സന്ദർശിക്കുകയും അവരുമായി ദൈവവചനം പങ്കുവെയ്ക്കുകയും രോഗികളെ ആശ്വസിപ്പിക്കുകയും ചെയ്യുന്നു. ദൈവാലയത്തിലെ പ്രഭാത പ്രാർത്ഥനകൾക്ക് നേതൃത്വം നൽകുന്നു. സഭാംഗമായിരുന്ന മന്നത്ത് ബേബിച്ചന്റെ അപ്രതീക്ഷിത വേർപാട് അംഗങ്ങളെ വേദനിപ്പിക്കുന്നു. പരേ

തന്റെ ഭവനത്തിൽ പ്രാർത്ഥന നടത്തുകയും മരണാനന്തര ശുശ്രൂഷ കളിൽ അംഗങ്ങൾ സജീവമായി പങ്കെടുക്കുകയും ചെയ്തു. പരേതനു വേണ്ടി വിശുദ്ധ കുർബ്ബാന അർപ്പണവും കബറിടത്തിൽ പ്രാർത്ഥനയും നടത്തി.

## YUVADEEPTHI - SMYM യുവദീപ്തി - എസ്.എം.വൈ.എം.

യുവദീപ്തി എസ്.എം.വൈ.എം.തുരുത്തിയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 24ന് രാവിലെ 9.00 മുതൽ 1.00 മണിവരെ യുവജനങ്ങൾ ചേർന്ന് പള്ളി അങ്കണവും മറ്റും വൃത്തിയാക്കി. യുവദീപ്തിയുടെ ജന്മദിനമായ ഡിസംബർ 3 ന് പതാക ഉയർത്തുകയും, യുവദീപ്തിയുടെ മുൻ അതിരൂപത ജനറൽ സെക്രട്ടറി ശ്രീ. നിറ്റോ ബേബിയെ ആദരിക്കു കയും ചെയ്തു. വികാരിയച്ചൻ ഏവർക്കും മധുരം നൽകി. ഡിസംബർ 17ന് രണ്ടാമത്തെ കുർബാനയ്ക്കു ശേഷം യുവദീപ്തിയുടെ പൊതുയോ ഗവും തിരഞ്ഞെടുപ്പും നടത്തി.

**ഭാരവാഹികൾ:**

| | |
|---|---|
| President (A) | : Binil Thomas |
| President (B) | : Jinsu Varghese |
| Councilor (A) | : Jeswin Joseph |
| Councilor (B) | : Roslin |
| Secretary (A) | : Felix Francis |
| Secretary (B) | : Feba catherin Joseph |
| Treasurer (A) | : Alwin Raju |
| Treasurer (B) | : Alana Antony |
| Vice president (A) | : Charly Thomas |
| Vice president (B) | : Anjali J. |
| Join secretary(A) | : Emmanuel |
| Join secretary (B) | : Aneena Bobby |
| Career co-ordinator (A) | : Jithin Xavier |
| Career co- ordinator (B) | : Sonia Jacob |

www.malankaralibrary.com





| | | |
|---|---|---|
| Media co-ordinator ( A) | : | Samuel Augustine |
| Media co- ordinator (B) | : | Alphymol Sebastian |
| Executive Members (A) | : | Mebin, Abhishek, Geone. |
| Executive Members (B) | : | Angel, Jintu, Siya |

## CHERUPUSHPA MISSION LEAGUE ചെറുപുഷ്പ മിഷൻലീഗ്

അവധി ദിവസങ്ങളിലും രണ്ടാം ശനിയാഴ്ചകളിലും രണ്ടാമത്തെ വിശുദ്ധ കുർബാനയ്ക്കു ശേഷം നടക്കുന്ന ചെറുപുഷ്പ മിഷൻ ലീഗ് മീറ്റിങ്ങിൽ കുഞ്ഞു മിഷനറിമാർ ആവേശപൂർവം പങ്കെടുക്കുന്നു. 25 നോമ്പിന്റെ ദിവസങ്ങളിൽ സൺഡേ സ്കൂൾ കുട്ടികൾക്ക് അനുഷ്ഠി ക്കാനുള്ള സുകൃതങ്ങളും പുണ്യപ്രവർത്തികളും അടങ്ങിയ ലഘു പുസ്തകം മിഷൻ ലീഗ് കുട്ടികളുടെ നേതൃത്വത്തിൽ വിതരണം ചെ യ്തു. പുൽക്കൂട് നിർമ്മാണത്തിൽ അൾത്താര ബാലന്മാരോടൊപ്പം കു ഞ്ഞുമിഷനറിമാരും പങ്കെടുത്തു. ക്രിസ്മസ് രാത്രിയിൽ സമ്മാന പൊതി കൾ നൽകുന്ന ഗെയിം മിഷൻ ലീഗിന്റെ നേതൃത്വത്തിൽ ഒരുക്കിയിരുന്നു. നവവൈദികൻ ഫാ. സെബാസ്റ്റ്യൻ കളത്തിൽപറമ്പിലിന്റെ തിരുപ്പട്ട സ്വീകരണത്തിനു മുന്നോടിയായി ചെറുപുഷ്പ മിഷൻലീഗ് കുട്ടികൾ ദേവാലയവും പരിസരവവും അലങ്കരിച്ചു.

## ദാമ്പത്യവേദിയിലെ നറുമലരുകൾ



| | | |
|---|---|---|
| 1. | ജൂമിൻ ജോസഫ്  ജോസ് & അനുജ ഫിലിപ്പ്, നെടുംപറമ്പിൽ | 26.10.2023 |
| 2. | റ്റിജോ സ്കറിയ & മീനു ആന്റണി കല്ലുകളം | 28.10.2023 |
| 3. | പോൾ മേരി ദാസ് എം.റ്റി. & ജിസ്മി വർഗീസ് മാരാംപറമ്പിൽ | 09.11.2023 |
| 4. | അലൻ ജോർജ് & ടോംസി സെബാസ്റ്റ്യൻ ഉഷസ് പറപ്പള്ളി | 18.11.2023 |
| 5. | റോണി റോയ് & നിമ്മി ജോസഫ് നെടുംപറമ്പിൽ | 27.11.2023 |
| 6. | ഡെന്നി സണ്ണി & നീതുമോൾ കെ.എസ്. നേര്യംപറമ്പിൽ | 30.12.2023 |
| 7. | ജോമിൻ ജോസഫ് & സീന ഷാജി, ചിറക്കടവിൽ | 03.01.2024 |

www.malankaralibrary.com



# ഇടവക ഡയറി

പ്രഫ. ജോസഫ് ടിറ്റോ നേര്യംപറമ്പിൽ

## ഉപവാസ പ്രാർത്ഥനാ ദിനം

ലോകത്തിൽ ഇക്കാലത്തു നടന്നുകൊണ്ടിരിക്കുന്ന യുദ്ധങ്ങൾ ലോകസമാധാനത്തിന് ഏറെ ഭീഷണിയായി മാറിയിട്ടുണ്ടെന്നും, അതിനാൽ ലോകസമാധാനത്തിനു വേണ്ടി ക്രൈസ്തവർ 2023 ഒക്ടോബർ 21-ാം തീയതി ഉപവാസ പ്രാർത്ഥനാദിനമായിട്ടാചരിക്കണമെന്നും പരി. പിതാവ് ഫ്രാൻസീസ് പാപ്പാ ആഹ്വാനം ചെയ്തു.

മാർപ്പാപ്പായുടെ ആഹ്വാനത്തെ മാനിച്ച് നമ്മുടെ ഇടവകയിലും അന്നേ ദിവസം ഉപവാസ പ്രാർത്ഥനാ ദിനമായിട്ടാചരിച്ചു.

## വി. യൂദാശ്ലീഹായുടെ തിരുനാൾ

2024 ഒക്ടോബർ 29-ാം തീയതി ഞായറാഴ്ച വി. യൂദാശ്ലീഹായുടെ തിരുനാൾ ഭക്ത്യാദരപൂർവ്വം ആചരിച്ചു. രാവിലെ 6 മണിക്ക് ആരംഭിച്ച ജപമാലയ്ക്കും, നൊവേനയ്ക്കും ശേഷം ആഘോഷമായ വി. കുർബ്ബാന നടന്നു. തുടർന്ന് ലദിഞ്ഞും, ദൈവാലയത്തിനു ചുറ്റും പ്രദക്ഷിണവും നടന്നു. അതിനുശേഷം നേർച്ച വിതരണവും ഉണ്ടായിരുന്നു.

തിരുനാളിനു പ്രാരംഭമായി ഒക്ടോബർ 21 മുതൽ പ്രഭാത ബലിയോടൊപ്പം നവനാൾ നൊവേന ആരംഭിച്ചു.

## വി. മിഖായേൽ മാലാഖയുടെ തിരുനാൾ

2023 നവംബർ 3 മുതൽ 11 ശനി വരെ വി. മിഖായേൽ മാലാഖയുടെ തിരുനാളിനു പ്രാരംഭമായുള്ള നൊവേന ആരംഭിച്ചു. എല്ലാ ദിവസവും വൈകുന്നേരം 5 മണിക്ക് കുരിശടിയിൽ വെച്ച് ജപമാലയെ തുടർന്ന് നൊവേനയും ലദീഞ്ഞും നടന്നു. അതിനുശേഷം നേർച്ച വിതരണവും നടന്നു. ഓരോ ദിവസവും കുരിശടിയിലെ പ്രാർത്ഥനാ ശുശ്രൂഷകൾക്കും നേർച്ച വിതരണത്തിനും നേതൃത്വം നൽകിയിരുന്നത് ഓരോ വാർഡുകളായിരുന്നു. നവംബർ 11-ാം തീയതി വൈകുന്നേരത്തെ പ്രാർത്ഥന

www.malankaralibrary.com

കൾക്കും, നേർച്ച വിതരണത്തിനും നേതൃത്വം നൽകിയത് ഇടവകയിൽ പ്രവർത്തിക്കുന്ന ഭക്തസംഘടനകളാണ്.

നവംബർ 12-ാം തീയതി ഞായറാഴ്ച രാവിലെ 6 മണിക്ക് ആഘോഷമായ തിരുനാൾ കുർബ്ബാന നടന്നു. തുടർന്ന് ദൈവാലയം ചുറ്റി പ്രദക്ഷിണവും, നേർച്ച വിതരണവും ഉണ്ടായിരുന്നു. പ്രധാന തിരുനാൾദിനത്തിലെ പ്രസുദേന്തി കെ.ജെ.തോമസ് കണ്ണംപേരൂരായിരുന്നു.

വി. കുർബ്ബാനയ്ക്കു ശേഷം ഇടവകജനം സമർപ്പിച്ച ആദ്യഫലങ്ങൾ ലേലം ചെയ്തു. ആദ്യ ഫലങ്ങൾ സമർപ്പിക്കാൻ സാധിക്കാത്തവർക്ക് പള്ളിക്കാര്യത്തിൽ ആദ്യഫലത്തിനു പകരമായി ഒരു തുക അടയ്ക്കുവാനുള്ള സൗകര്യവും ക്രമീകരിച്ചിരിക്കുന്നു.

## ബഹു. ജോസഫ് കാലായിലച്ചന്റെ മൃതസംസ്കാരം

തുരുത്തി ഇടവകയിൽ ദീർഘനാൾ വികാരിയായി സേവനമനുഷ്ഠിച്ച ബഹു. ജോസഫ് കാലായിലച്ചൻ 2023 നവംബർ 4 ശനിയാഴ്ച നിര്യാതനായി. വികാരി പെരിയ ബഹു. ജോസ് വരിക്കപ്പള്ളി അച്ചന്റെ നേതൃത്വത്തിൽ ഇടവകയിൽ നിന്നും വളരെപ്പേർ നവംബർ 8 ബുധനാഴ്ച വൈകിട്ട് 7 മണിക്ക് കാലായിലച്ചന്റെ കുറുമ്പനാടം അസംഷൻ ഇടവകാതിർത്തിയിലുള്ള സഹോദരന്റെ ഭവനത്തിൽ എത്തി ഒപ്പീസു ചൊല്ലുകയും, പ്രാർത്ഥനാ ശുശ്രൂഷ നടത്തുകയും ചെയ്തു. നവംബർ 9 വ്യാഴാഴ്ച നടന്ന മൃതസംസ്കാര ചടങ്ങുകളിലും തുരുത്തി ഇടവകയിൽ നിന്നും വളരെയേറെ ഇടവകജനം പങ്കെടുത്തു.

## ഫെയിസ് ഓഫ് ദ ഫെയ്സ്ലെസ്

വി. ലൂക്കായുടെ സുവിശേഷം 4-ാം അധ്യായം 18-ാം വാക്യം ജീവിതദർശനമായി സ്വീകരിച്ച മലയാളിയായ സി. റാണി മരിയ FCC തന്റെ പ്രവർത്തനങ്ങൾ ബിജ്നോർ രൂപതയിൽ ആരംഭിച്ചു. സ്കൂളിൽ അധ്യാപികയായി പ്രവർത്തനമാരംഭിച്ച സിസ്റ്റർ പാഠങ്ങൾ പഠിപ്പിക്കുന്നതോടൊപ്പം മനുഷ്യൻ എന്ന നിലയിലുള്ള അവകാശങ്ങളെക്കുറിച്ചും കുട്ടികളെ പഠിപ്പിച്ചു. തുടർന്ന് സിസ്റ്ററിന് സത്നാ രൂപതയിലുള്ള ഓടഗാടി എന്ന സ്ഥലത്തേക്ക് സ്ഥലംമാറ്റമായി. അവിടെയും സിസ്റ്റർ പാവങ്ങളും, നിരാംലബരുമായവരുടെ ഇടയിൽ പ്രവർത്തിച്ചു. ചൂഷകരായ ഒരു സമ്പന്നവർഗ്ഗം എപ്രകാരമാണ് അക്ഷരാഭ്യാസമില്ലാത്ത പാവപ്പെട്ടവരെ ചൂഷണം ചെയ്യുന്നതെന്ന് അവരെ ബോധ്യപ്പെടുത്തി. ചൂഷകർക്കെതിരെ ആ പാവങ്ങൾ പ്രതികരിക്കുവാൻ തുടങ്ങി. ഇത് സമ്പന്നരെ ഏറെ

www.malankaralibrary.com


ചൊടിപ്പിച്ചു. പ്രതികരിക്കുവാൻ തുടങ്ങിയവർക്ക് ബോധ്യങ്ങൾ പകർന്നു നൽകിയത് സി. റാണി മരിയ ആണെന്നു മനസ്സിലാക്കിയ സമ്പന്നർ സിസ്റ്ററിനെ വകവരുത്തുവാൻ തീരുമാനിച്ചു. ബസിൽ യാത്ര ചെയ്തിരുന്ന സിസ്റ്ററിനെ 1995 ഫെബ്രുവരി 25-ാം തീയതി സമന്ദർ എന്ന ഒരാൾ ആക്രമിക്കുകയും 54 തവണ മാരകമായി കുത്തി മുറിവേൽപിക്കുകയും ചെയ്തു. അങ്ങനെ സി. റാണി മരിയ മുഖമില്ലാതിരുന്ന ആ പാവങ്ങൾക്ക് ഒരു മുഖം നൽകുന്നതിനുള്ള പരിശ്രമത്തിൽ രക്തസാക്ഷിത്വം വഹിക്കുകയും ചെയ്തു.

സി. റാണി മരിയായുടെ ധീരോത്തമമായ ആ ജീവിതകഥയെ ആസ്പദമാക്കി ജയ്പാൽ ആനന്ദ് രചിച്ച് ഷയ്സൺ പി. ഔസേപ് ഡയറക്ട് ചെയ്ത 'ഫെയ്സ് ഓഫ് ദ ഫെയ്സ്ലെസ്' എന്ന സിനിമ ചങ്ങനാശേരി അനു തീയേറ്ററിൽ പ്രദർശിപ്പിച്ചപ്പോൾ നവംബർ 26-ാം തീയതി തുരുത്തി ഇടവക ജനത്തിന് ആ ഫിലിം കാണുവാൻ അവസരം ലഭിച്ചു. ഫിലിം കാണുവാൻ പോയവർക്കുവേണ്ടി യുവദീപ്തി അംഗങ്ങൾ വാഹനസൗകര്യം ക്രമീകരിക്കുകയും ടിക്കറ്റ് ചാർജിന്റെ ഒരു ഭാഗം സ്പോൺസർ ചെയ്യുകയും ചെയ്തു.

## ജപമാല പ്രദക്ഷിണം

പരി. കന്യകാമറിയത്തിന്റെ തിരുനാളിനോടനുബന്ധിച്ച് 2023 ഡിസംബർ 4 തിങ്കളാഴ്ച പാറേൽ പള്ളിയിലേയ്ക്ക് ജപമാല പ്രദക്ഷിണം നടത്തി. അന്നേ ദിവസം വൈകിട്ട് 4 മണിക്ക് ഇടവക ദൈവാലയത്തിൽ നടന്ന ദിവ്യബലിക്കു ശേഷം വിശ്വാസികൾ ഒരുമിച്ച് വാഹനത്തിൽ മോർക്കുളങ്ങര എ.കെ.എം. സ്കൂളിൽ എത്തി. അവിടെ നിന്ന് പാറേൽ പള്ളിയിലേക്ക് ജപമാല ചൊല്ലികൊണ്ട് പ്രദക്ഷിണമായി പോയി. ഇടവകയിൽ നിന്ന് വളരെപ്പേർ ഈ ജപമാല പ്രദക്ഷിണത്തിൽ പങ്കെടുത്തു.

## പരി. കന്യകാ മറിയത്തിന്റെ അമലോത്ഭവ തിരുനാൾ

2023 ഡിസംബർ 10-ാം തീയതി പരിശുദ്ധ അമ്മയുടെ അമലോത്ഭവ തിരുനാൾ സാഘോഷം കൊണ്ടാടി. തിരുനാളിന് പ്രാരംഭമായി ഡിസംബർ 1 മുതൽ 9 വരെ വൈകിട്ട് 4.30 ന് ജപമാലയും ആരാധനയും നൊവേനയും വി. കുർബ്ബാനയോടു ചേർന്നു നടത്തി.

## വികാരിയച്ചന്റെ ജന്മദിനം

നമ്മുടെ ഇടവകയുടെ ആദ്ധ്യാത്മിക പിതാവായ പെരി. ബഹു. ജോസ് വരിക്കപ്പള്ളി അച്ചന്റെ ജന്മദിനം 2023 ഡിസംബർ 14-ാം തീയതി

സമുചിതമായി ആചരിച്ചു. രാവിലെ 6 മണിയുടെ ദിവ്യബലിക്കുശേഷം ഇടവക ജനം പള്ളിമേടയിൽ ഒന്നിച്ചുകൂടി അച്ചന് ജന്മദിനാശംസകൾ നേർന്നു. കേക്ക് മുറിച്ച് ഏവർക്കും വിതരണം ചെയ്തു. ഇടവക ജനത്തിനു വേണ്ടി പ്രൊഫ. ജോസഫ് ടിറ്റോ നേര്യംപറമ്പിൽ അച്ചന് ജന്മദിനാശംസകൾ നേർന്നു.

## ക്രിസ്മസിനൊരുക്കമായി കുമ്പസാരവും മറ്റു തിരുക്കർമ്മങ്ങളും

2023 ഡിസംബർ 22-ാം തീയതി ഉച്ചയ്ക്കു ശേഷം 3 മുതൽ 6 വരെ സമയത്ത് പ്രായമായവർക്കും രോഗികൾക്കും വേണ്ടി കുമ്പസാരിക്കുവാനുള്ള അവസരം ഒരുക്കി. കിടപ്പുരോഗികളെ വൈകിട്ട് 4 മണി മുതൽ ഭവനങ്ങളിൽ എത്തി കുമ്പസാരിപ്പിക്കുകയും, കുർബാന എഴുന്നള്ളിച്ചു നൽകുകയും ചെയ്തു.

ഡിസംബർ 23, 24 തീയതികളിൽ രാവിലെയും, വൈകുന്നേരവും കുമ്പസാരിക്കുവാനുള്ള അവസരം ക്രമീകരിച്ചു.

## ക്രിസ്മസ് ഗാനമത്സരം

2023 ഡിസംബർ 23-ാം തീയതി വൈകിട്ട് കുടുംബകൂട്ടായ്മ യൂണിറ്റടിസ്ഥാനത്തിൽ ക്രിസ്മസ് ഗാനമത്സരം നടത്തി. ഒൻപത് യൂണിറ്റുകൾ മത്സരത്തിൽ പങ്കെടുത്തു. എട്ടാം വാർഡ് രണ്ടാം യൂണിറ്റ് ഒന്നാം സമ്മാനവും, എഴാം വാർഡ് രണ്ടാം യൂണിറ്റ് രണ്ടാം സമ്മാനവും, ഒന്നാം വാർഡ് മൂന്നാം യൂണിറ്റ് മൂന്നാം സമ്മാനവും കരസ്ഥമാക്കി. മത്സരത്തിൽ പങ്കെടുത്ത എല്ലാ യൂണിറ്റുകൾക്കും പ്രോത്സാഹന സമ്മാനങ്ങൾ നൽകി. ഫീലിപ്പോസ് ചേരൂക്കളം മെമ്മോറിയൽ ഒന്നാം സമ്മാനവും, മാതൃവേദി പിതൃവേദി രണ്ടാം സമ്മാനവും, കെ.എൽ.എം. മൂന്നാം സമ്മാനവും സ്പോൺസർ ചെയ്തു.

## ക്രിസ്മസ് ആഘോഷം

ഡിസംബർ 24-ാം തീയതി പകൽ വൈകിട്ട് 11.30 ന് ഈ വർഷത്തെ ക്രിസ്മസിനോടനുബന്ധിച്ചുള്ള ആഘോഷമായ വി. കുർബ്ബാനയും, പിറവിയുടെ തിരുക്കർമ്മങ്ങളും നടന്നു. തുടർന്ന് 6 മണിക്കും 8 മണിക്കുമുള്ള വി. കുർബ്ബാന അർപ്പിച്ചു. പള്ളിമേടയുടെ മുമ്പിൽ യുവദീപ്തിയുടെ ആഭിമുഖ്യത്തിൽ ഏറെ ആകർഷകമായി പുൽക്കൂട് നിർമ്മിച്ചു. സഹകരിച്ച എല്ലാ യുവജനങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു.

ദൈവാലയത്തിനുള്ളിൽ അൾത്താര ശുശ്രൂഷികൾ പൂൽക്കൂട് നിർമ്മിച്ചു. സഹകരിച്ച എല്ലാ ബാലന്മാർക്കും നന്ദിരേഖപ്പെടുത്തിക്കൊ

www.malankaralibrary.com


ള്ളുന്നു. അൾത്താര ശുശ്രൂഷികളുടെ നേതൃത്വത്തിൽ നറുക്കെടുപ്പു നടത്തി സമ്മാനങ്ങൾ വിതരണം ചെയ്തു. ഇതിനോടു സഹകരിച്ച എല്ലാ ഇടവകജനത്തിനു നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

## സോഫ്റ്റ് വേവ് HVLS ഫാനുകൾ

ദൈവാലയത്തിനുള്ളിൽ രണ്ട് സോഫ്റ്റ് വേവ് HVLS ഫാനുകൾ സ്ഥാപിച്ചു. ഫാനുകൾ സ്പോൺസർ ചെയ്ത ഒരഭ്യുദയകാംഷിക്കും, പനച്ചിങ്കൽ അനൂസ് ബേക്കറി പ്രൊപ്രൈറ്ററിനും കുടുംബാംഗങ്ങൾക്കും ദൈവാനുഗ്രഹവും നന്ദിയും രേഖപ്പെടുത്തിക്കൊള്ളുന്നു.

## പൗരോഹിത്യ സ്വീകരണവും പുത്തൻകുർബാനയും

ഡീക്കൻ സെബാസ്റ്റ്യൻ (അശ്വിൻ) കളത്തിപ്പറമ്പിൽ 2023 ഡിസംബർ 27-ാം തീയതി ബുധനാഴ്ച രാവിലെ 9.15 ന് തുരുത്തി മർത്ത് മറിയം ഫൊറോനാ ദൈവാലയത്തിൽ വച്ച് ചങ്ങനാശേരി അതിരൂപതാ സഹായ മെത്രാൻ അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവിന്റെ കൈവെയ്പു വഴി ശുശ്രൂഷാ പൗരോഹിത്യത്തിലേയ്ക്കുയർത്തപ്പെട്ടു. തുടർന്ന് പ്രഥമ ദിവ്യബലിയർപ്പിക്കുകയും ചെയ്തു. അശ്വിൻ എന്ന ശിശുവിനെ ക്രൈസ്തവ വിശ്വാസത്തിൽ വളർത്തി കർത്താവിന്റെ മുന്തിരിത്തോപ്പിലേ ശുശ്രൂഷയ്ക്കായി ഒരുക്കി അയച്ച പിതാവ് തോമസ് സെബാസ്റ്റ്യനും (സണ്ണിച്ചൻ), മാതാവ് റെജിമോൾക്കും മറ്റു കുടുംബാംഗങ്ങൾക്കും എല്ലാ ദൈവാനുഗ്രഹവും നേരുന്നു.

## പൗരോഹിത്യ സ്വീകരണത്തിന്റെ വാർഷിക ആചരണം

നമ്മുടെ വികാരി പെരിയ ബഹു. ജോസ് വരിക്കപ്പള്ളി അച്ചന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ 32-ാം വാർഷികവും, റവ. ഫാ. തോമസ് മംഗലത്തച്ചന്റെ 25-ാമത് വാർഷികവും നമ്മുടെ ഇടവകയിൽ മുമ്പ് കൊച്ചച്ചനായി സേവനമനുഷ്ഠിച്ച റവ. ഫാ. ബെന്നി ആലുങ്കൽ കരോട്ട് സി.എം.ഐ. യുടെ 26-ാമത് വാർഷികവും ഇടവകയിൽ സമുചിതമായി ആചരിച്ചു. 2023 ഡിസംബർ 29-ാം തീയതി രാവിലെ 6 മണിക്കു നടന്ന ദൈവത്തിനു നന്ദി സമർപ്പിച്ചുകൊണ്ടുള്ള ആഘോഷമായ സമൂഹബലിയ്ക്കു ശേഷം ഇടവക ജനം പള്ളിമേടയ്ക്കു മുമ്പിൽ സമ്മേളിച്ച് കേക്ക് മുറിച്ച് ജൂബിലി ആചരണം നടത്തി. ഇടവക ജനത്തിനു വേണ്ടി പ്രൊഫ. ജോസഫ് ടിറ്റോ നേര്യംപറമ്പിൽ ബഹു. വൈദികർക്ക് ആശംസകൾ നേർന്നു. ചടങ്ങിൽ സംബന്ധിച്ച ഏവർക്കും മധുര പലഹാരം വിതരണം ചെയ്തു.

www.malankaralibrary.com



# മരിയൻ ക്വിസ്

## നിബന്ധനകൾ

(1) താഴെക്കൊടുത്തിരിക്കുന്ന ചോദ്യാവലി പൂരിപ്പിച്ച് 2024 മാർച്ച് 10 നു മുമ്പായി ക്വിസ് ബോക്സിൽ നിക്ഷേപിക്കുക. (2) തുരുത്തി സൺഡെ സ്കൂളിലെ 5 മുതൽ 12 വരെ ക്ലാസുകളിലെ കുട്ടികൾക്കു വേണ്ടിയാണ് ഈ പ്രശ്നോത്തരി ക്രമീകരിച്ചിരിക്കുന്നത്. മുതിർന്നവർക്കും ഈ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. എല്ലാ ഉത്തരങ്ങളും ശരിയാക്കുന്നവരിൽ നിന്നും നറുക്കിട്ട് മൂന്നു പേർക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുന്നതാണ്.

## ചോദ്യാവലി പൂരിപ്പിക്കാൻ വായിക്കേണ്ട ഭാഗങ്ങൾ

ന്യായാധിപൻ 1-10 അധ്യായങ്ങൾ, 2024 ജനുവരി - മാർച്ച് ലക്കം മരിയദൂത്

## മരിയൻ ക്വിസ് ചോദ്യാവലി

1. ഇസ്രായേൽക്കാർക്കു ദൈവം നൽകിയ കനാന്യരുടെ ദേശം പിടിച്ചെടുക്കുവാൻ ഏതെല്ലാം ഗോത്രങ്ങളാണ് പുറപ്പെട്ടത്?

**ഉത്തരം**

2. ഹോർമാ പട്ടണത്തിന്റെ പഴയ പേരെന്താണ്?

**ഉത്തരം**

3. ജോസഫിന്റെ ഗോത്രത്തിൽപ്പെട്ടവർ ഹിത്യരുടെ നാട്ടിൽ പണിത നഗരത്തിനു നൽകിയ പേര് എന്ത്?

**ഉത്തരം**

4. സിസേറായെ വധിച്ചതാരാണ്?

**ഉത്തരം**

5. ഇസ്രായേൽ ജനത്തെ മിദിയാൻകാരുടെ അടിമകളാക്കി കർത്താവു നൽകുവാൻ കാരണമെന്ത്?

**ഉത്തരം**

6. മിദിയാൻകാരെ ആരുടെ കൈകളിലാണ് കർത്താവ് ഏല്പിച്ചുകൊടുത്തത്?

**ഉത്തരം**

www.malankaralibrary.com



7. ഷെക്കെം നിവാസികളെ ശപിച്ച യോത്താമിന്റെ പിതാവാര്?

**ഉത്തരം**

8. ജറുബ്ബാലിന് എത്ര സന്താനങ്ങൾ ഉണ്ടായിരുന്നു?

**ഉത്തരം**

9. ഷെക്കെം നിവാസികളെ മിദിയാൻകാരിൽ നിന്നും മോചിപ്പിച്ച വ്യക്തി?

**ഉത്തരം**

10. അബിമലെക്കിനു ശേഷം ഇസ്രായേലിനെ ഭരിച്ച തോലയുടെ പിതാവ് ആരാണ്?

**ഉത്തരം**

11. നിരാശയിലേക്ക് നയിക്കുന്നത് എന്താണ്?

**ഉത്തരം**

12. ദനഹായുടെ അവസാന വെള്ളിയാഴ്ചയുടെ പ്രത്യേകത?

**ഉത്തരം**

13. കുര്യാക്കോസ് എന്ന സുറിയാനി വാക്കിന്റെ അർത്ഥം?

**ഉത്തരം**

14. എൽ.ഡി.ക്ലർക്ക് തസ്തികയുടെ ശമ്പള സ്കെയിൽ

**ഉത്തരം**

15. ജോഷ്വാ 1:9

**ഉത്തരം**

**പേര്** .................................................................................... **വീട്ടുപേര്** ..............................................

**വാർഡ്** ............................ **യൂണിറ്റ്**..................... **ഫോൺ** ...............................................................

www.malankaralibrary.com

# സ്നേഹ സ്മരണയ്ക്ക്

## ഒന്നാം ചരമവാർഷികം



# സി. പി. തോമസ്

(കുഞ്ഞോമാച്ചൻ)

ചേരൂക്കളം, തുരുത്തി

ജനനം: 01. 02. 1946 മരണം: 03. 02. 2023

www.malankaralibrary.com

# സ്നേഹസ്മരണയ്ക്ക്



## സേവ്യർ സേവ്യർ

## (മന്നത്ത് ബേബിച്ചൻ – 73)

**നെടുംപറമ്പിൽ**

**തുരുത്തി**

**മരണം: 23.12.2023**